# ജീവന്റെ പ്രവർത്തന ശക്തികളും

# വിശ്വാസപരമായ ജീവിതവും

വില 3 അണാ.

# ജീവന്റെ പ്രവർത്തന ശക്തികളും വിശ്വാസപരമായ ജീവിതവും

ക. നി. മൂ. സ. പ്രസിദ്ധീകരണസംഘം




L. F. PRESS, THEVARA,
1948.

Nihil Obstat

FR. SYLVESTER, T. O. C. D.

FR. GREGORY, T. O. C. D.

*Censores Deputati.*

Ampazhakad
24—8—'48

Imprimi Potest

FR. VINCENT OF THE BL. SACR.,

*Prior General, T. O. C. D.*

Ernakulam
26—8—'48

Imprimatur

† **George C. Alapatt,**

*Bp. of Trichur.*

Trichur
31—8—'48

# ജീവന്റെ പ്രവർത്തന ശക്തികൾ

മാതാപിതാക്കന്മാരിൽനിന്നുള്ള ജനനത്തോടെ നമുക്ക് സ്വഭാവികജീവൻ ലഭിക്കുന്നതുപോലെ, ജലത്താലും പരിശുദ്ധാത്മാവിനാലും നാം വീണ്ടു ജനിക്കുന്നതോടെ (യോഹ. III. 5) —അതേ, നാം ജ്ഞാനസ്നാനം സ്വീകരിക്കുന്നതോടെ—സ്വഭാവാതീതമായ ഒരു നവജീവൻ, അതായത്തു ദൈവത്തിന്റെ ജീവനിൽ തന്നെ ഒരു ഓഹരി, നമുക്കു ലഭിക്കുന്നു. ഇനി, സ്വാഭാവികജീവനെ പ്രവർത്തിക്കണമെങ്കിൽ ബുദ്ധി, മനസ്സു മുതലായ ശക്തികൾ (Faculties) ആവശ്യമാണു. അങ്ങനെതന്നെ, സ്വഭാവാതീത ജീവനെ പ്രവർത്തിക്കണമെങ്കിൽ അതിനും പ്രവർത്തനശക്തികൾ ആവശ്യമാണു". സ്വാഭാവികജീവന്റെ പ്രവർത്തനശക്തികളായ ബുദ്ധിയും മനസ്സും മറ്റും ജനനത്തിൽതന്നെ നമുക്കു കിട്ടുന്നു. സ്വഭാവാതീത ജീവന്റെ പ്രവർത്തനശക്തികളും ഏവംവിധം പ്രസാദവരം എന്ന ആ നവജീവനോടു കൂടിത്തന്നെ ദൈവം നമ്മിൽ ചിന്തുന്നു. ഈ നവജീവന്റെ പ്രവർത്തനശക്തികളിൽ പ്രധാനപ്പെട്ടവ വിശ്വാസം, ശരണം, ഉപവി എന്നീ ദൈവിക പുണ്യങ്ങളാണു". നമ്മുടെ സ്വാഭാവികജീവന്റെ വളർച്ചയോടുകൂടി അതിന്റെ പ്രവർത്തനശക്തികളേയും വളർത്തുവാൻ നാം പരിശ്രമിക്കുന്നതുപോലെ സ്വഭാവാതീതജീവന്റെ പ്രവർത്തനശക്തികളായ പ്രസ്തുത പുണ്യങ്ങളെ വർദ്ധിപ്പിക്കുവാനും നാം യഥാശക്തി ശ്രമിക്കേണ്ടതാണു". അതിനാൽ ഇന്നു ഈ ദൈവികപുണ്യങ്ങളെക്കുറിച്ചു നമുക്കു ധ്യാനിക്കാം.

## ഒന്നാം ധ്യാനം—വിശ്വാസം

രൂപീകരണം: 'കർത്താവേ, ഞങ്ങളുടെ വിശ്വാസം നീ വർദ്ധിപ്പിക്കേണമേ.' എന്നു ശ്ലീഹന്മാർ പ്രാർത്ഥിക്കുന്നതു ആത്മനാ ശ്രവിക്കുക.

അഭ്യർത്ഥന: വിശ്വാസവർദ്ധനവിനുവേണ്ടി തീക്ഷ്ണതയോടെ പ്രാർത്ഥിക്കുക.

ധ്യാനം: ത്രൈകരണവരപ്രസാദം വഴിയായി നാം പ്രാപിച്ചിരിക്കുന്ന നവജീവന്റെ ഉൽപ്പാദകശക്തിയാണ് വിശ്വാസം. അതു വെളിപ്പെടുത്തപ്പെട്ട സത്യത്തിനുള്ള ബുദ്ധിയുടെ ഒരു സമ്മതത്തിൽ ആരംഭിച്ച് 'മഹിമപ്രകാശം' (Light of Glory) വരെ വളരേണ്ടിയിരിക്കുന്നു. ദിവ്യജ്ഞാനത്തിന്റെ ഒരു അംശം ഭാഗിതമാണ് വിശ്വാസം എന്നുപറയാം. ഇതു നിത്യജീവന്റെ അഥവാ ദൈവോൽപ്പാദനത്തിന്റെ ഒരു ആരംഭവുമാണ്. നവജീവൻ പ്രാപിച്ചിരിക്കുന്ന ആത്മാവ് കണ്ണാടിയിൽ എന്നപോലെയെങ്കിലും ദൈവത്തെ ഉൾക്കൊള്ളുന്നുണ്ട്. (1 കൊറി. XIII 12) ഇന്നു എതു സജീവവും സുദൃഢവുമായ വിശ്വാസം നമുക്കുണ്ടോ അതു കൂടുതൽ സ്വച്ഛന്ദിൽ ദൈവത്തെ അനുഭവിക്കുന്നതിനു നാം പ്രാപ്തരാകും. തന്നിമിത്തം ഈ ഉൽപ്പാദകശക്തിയെ കഴിയുന്നതു വർദ്ധിപ്പിക്കുവാൻ നാം ശ്രമിക്കണം. നിത്യരക്ഷക്കു അത്യാവശ്യമായ വിശ്വാസത്തിന്റെ ഒരു താണപദവികൊണ്ടു നാം തൃപ്തരാകരുതു. നമ്മുടെ വിശ്വാസം എന്നും വർദ്ധിച്ചുകൊണ്ടേയിരിക്കണം. ഇതൊരു ദൈവിക പുണ്യമാകയാൽ ദൈവംതന്നെ പ്രകൃത്യതീതമായ വിധം നൽകിയെങ്കിൽ മാത്രമേ അതു വർദ്ധിക്കുകയുള്ളു. എങ്കിലും നമുക്കു നമ്മെത്തന്നെ അതിനായി ഒരുക്കുവാൻ സാധിക്കും. അങ്ങനെ നാം ചെയ്യുകയും വേണം.

വിശ്വാസവർദ്ധനവിനായി പ്രഥമതഃ നാം ചെയ്യേണ്ടതു പ്രാർത്ഥിക്കുകയാണ്. 'കർത്താവേ, ഞങ്ങളുടെ വിശ്വാസം നീ വർദ്ധിപ്പിക്കണമേ' 'ഞാൻ വിശ്വസിക്കുന്നു. എന്റെ വിശ്വാസത്തിനു കുറവുള്ളതു നീ തീർക്കണമെ' എന്നിങ്ങനെ നാം പ്രാർത്ഥിക്കണം. എന്നാൽ ഈ പ്രാർത്ഥന വിശ്വാസപരമായ ഒരു ജീവിതത്തോടു യോജിപ്പിച്ചിരിക്കണം. അതായതു നമ്മുടെ വിചാരവും വാക്കുകളും പ്രവൃത്തികളും എല്ലാം നമ്മുടെ വിശ്വാസത്തിനു അനുസരിച്ചായിരിക്കണം. എന്തെന്നാൽ വിശ്വാസവർദ്ധനവിനുള്ള പ്രാർത്ഥന ആത്മാർത്ഥവും നിഷ്കപടവുമാകണമെങ്കിൽ അനുദിനജീവിതം വിശ്വാസത്തോടു പൊരുത്തമുള്ളതായേ മതിയാവൂ. അതുകൊണ്ടു സന്യാസിയെ സംബന്ധിച്ചു പറഞ്ഞാൽ ചാവുദോഷമോ ഗുരുതരമായ നിയമലംഘനമോ വർജ്ജിക്കുന്നതിലല്ല സ്ഥിതിചെയ്യുന്നതു. പ്രത്യുത, പാപത്തിൻകീഴ് കടപ്പെടുത്താത്ത നിയമങ്ങളും ഉപദേശങ്ങളും പോലും ദൈവേഷ്ടമെന്നു വിശ്വസിച്ചു പ്രവർത്തിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നതു.

താളനായ ഒരാൾ അധികാരിയുടെ ആഗ്രഹം ദൈവത്തിന്റെ ആഗ്രഹമെന്ന വിശ്വസിക്കുകയും, സഭാനിയമങ്ങളുടെയും നടപടികളുടെയും നിസ്സാരമായ അനുഷ്ഠാനങ്ങളെക്കുടെയും ദൈവേഷ്ടമായി ആഗ്രഹിക്കുകയും, അനുദിനജീവിതത്തിൽ നേരിടുന്ന ഏതൊരു അനിഷ്ടത്തിലും സന്തോഷിക്കുകയും ദൈവത്തോടു കൃതജ്ഞനായിരിക്കുകയും ചെയ്യും.

പഠനവും വിശ്വാസവർദ്ധനവിനുള്ള വേറൊരു ഉപാധിയാണ്. നമ്മുടെ വിശ്വാസത്തെ പ്രകാശിപ്പിക്കുന്നതിനും ഉറപ്പിക്കുന്നതിനും പഠിപ്പാപ്തമായ പുസ്തകങ്ങൾ നാം വായിക്കണം. വേദപുസ്തകവും തിരുസ്സഭയിലെ പിതാക്കന്മാരുടെയും വേദപാരംഗതന്മാരുടെയും ഗ്രന്ഥങ്ങളും ഈ പുസ്തകങ്ങളുടെ കൂട്ടത്തിൽ പ്രത്യേകസ്ഥാനം അർഹിക്കുന്നു. വിശ്വാസത്തിനു കോട്ടം വരുത്തുന്ന എല്ലാവറെയും നാം വിട്ടൊഴിയുകയും ചെയ്യണം. സത്യങ്ങളുടെ ആന്തരികന്യായം അന്വേഷിക്കാതെ കണ്ണടച്ചു നാം വിശ്വസിക്കണം. "കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" (യോഹ. XX. 29) എന്നാണല്ലൊ നമ്മുടെ ദിവ്യരക്ഷകൻ തന്നെ അരുളിച്ചെയ്തിട്ടുള്ളതു്.

വിശ്വാസസത്യങ്ങളുടെ ആന്തരികന്യായം അറിയണമെന്നുള്ള നമ്മുടെ അമിതാഗ്രഹത്തെ നാം തടയണം. വിശ്വാസസത്യങ്ങളുടെ ന്യായത്തെ അന്വേഷിക്കുന്നെങ്കിൽ അതു നമുക്കു വിശ്വസിക്കുവാൻ എന്നതിനെക്കാൾ സത്യത്തെ ആദരിക്കുന്നതിനും സംരക്ഷിക്കുന്നതിനും അതിനെ പ്രചരിപ്പിക്കുന്നതിനും വേണ്ടിയായിരിക്കട്ടെ. വിശ്വാസസത്യങ്ങളെ നിരീക്ഷണം ചെയ്യുന്നതിൽ അമിതാസക്തിയും ജിജ്ഞാസയും അപകടകരമാണ്. അപ്രകാരംതന്നെ എല്ലാം അങ്ങേ അറ്റംവരെ വിമർശിച്ചേ സമ്മതിക്കൂ എന്ന മനഃസ്ഥിതിയും അത്ര നന്നല്ല. അതിലുകടന്ന വിമർശനാസക്തി നമ്മെ വിദ്വാന്മാരാക്കുന്നതിനു പകരം ഭോഷന്മാരാക്കുകയാണ് ചെയ്യുന്നതു് എന്നുവേണം പറയുവാൻ. കാരണം അതു പലപ്പോഴും നമ്മുടെ ബുദ്ധിയെ അന്ധമാക്കിക്കളയുന്നു. ഉദാഹരണമായി, ഒരു അത്ഭുതസംഭവം ഉണ്ടായതായിപ്പറഞ്ഞുകേൾക്കുകയൊ എവിടെയെങ്കിലും വായിക്കുകയൊ ചെയ്താലുടനെ അതുകളവാണെന്നു വിധിക്കുന്നതു് യുക്തിഭംഗമാണ്. അതിനെ വിശ്വസിക്കുന്നതിനു തക്കതെളിവു കിട്ടുന്നതുവരെ വിശ്വസിക്കുവാൻ നിവൃത്തിയില്ല എന്നേ കൂടിയാൽ പറയാനുള്ളൂ. എന്നാൽ എല്ലാം നിഷേധിക്കുന്നതും സ്ഥാനത്തും അസ്ഥാനത്തും തർക്കിക്കു

ന്നതും വിദേതവും പാണ്ഡിത്യവുമായി കരുതാനില്ല. പഠിപ്പിക്കപ്പെട്ടന്നതിനുള്ള ഒരു മിനീതവിധേയത്വം നമ്മിലുണ്ടെങ്കിൽ മാത്രമെ നമ്മിൽ വിശ്വാസം വർദ്ധിക്കുകയുള്ളൂ.

തിരുസ്സഭ അദ്യവസാനം ചെയ്യുന്നതുമാത്രമേ സമ്മതിക്കൂ എന്ന വയ്ക്കാതെ സകലത്തിലും തിരുസ്സഭയോടുകൂടി ചിന്തിക്കുവാനും ശീലിക്കണം. ന. മാതാവായ സഭയോടുകൂടി ചിന്തിക്കുന്നതിന ഏതാനും നിയമങ്ങൾ വി. ഇഗ്നേഷ്യസ് നൽകുന്നുണ്ട്. അവയെ ഏതാണ്ട താഴെ കാണുന്നതുപോലെ സംഗ്രഹിക്കാം. സ്വന്തബുദ്ധി മാററി വച്ചിട്ട എല്ലാ കാര്യങ്ങളിലും മിശിഹായുടെ മണവാട്ടിയും നമ്മുടെ പരിത്തുലു മാതാവുമായ സഭയെ കണ്ണടച്ചു വിശ്വസിക്കുന്നതിനും അനുസരിക്കുന്നതിനും നമ്മുടെ മനസ്സിനെ തയ്യാറാക്കി വക്കുക. സഭ പറഞ്ഞാലുടനെ നമ്മുടെ സംശയങ്ങളെല്ലാം അവസാനിക്കണം. ഇന്ദ്രിയങ്ങളും ബുദ്ധിയും മറിച്ചു പ്രേരിപ്പിച്ചാലും സഭയുടെ പഠനത്തെ മുറുകെ പിടിക്കണം. സഭ പറയുന്നു: അഥവാ സഭയുടെ മനോഭാവമോ (mind) അഭിപ്രായമോ ഇന്നതാണ് എന്നു അറിഞ്ഞാൽ ഉറപ്പിനു അതിൽ കൂടുതലൊന്നും ഒരു നല്ല കത്തോലിക്കനാവശ്യമില്ല. സഭയെ വിശ്വസിക്കുന്നതു നമുക്കു വേറെ നിവൃത്തിയില്ലാഞ്ഞിട്ടാവരുതു; അതു നമുക്കു ഒരു അഭിമാനമായിരിക്കണം. സത്യത്തിൽ എത്തിച്ചേരുന്നതിനുവേണ്ടി നമുക്കു വെളിപ്പെടുത്തിത്തരുന്നതു കറപ്പാണെന്നു സഭ പറഞ്ഞാൽ അതിനെ വിശ്വസിക്കുന്നതിനു തയ്യാറായിരിക്കണമെന്നു വി. ഇഗ്നേഷ്യസ് പറയുന്നു. കാരണം, വി. പൌലോസിന്റെ ഭാഷയിൽ അവൾ "സത്യത്തിന്റെ തൂണും, അടിസ്ഥാനവുമായ ജീവനുള്ള ദൈവത്തിന്റെ സഭ"യാകുന്നു. (I തിമോ. III. 15) അവളുടെ നിശ്ചയങ്ങളും അഭിപ്രായങ്ങളും ആധുനികലോകസൃങ്കല്പങ്ങൾക്കു വിരോധവും, ബുദ്ധിഹീനവും, അവിവേകവും, പ്രക്ഷോഭജനകവും മറവുമാണെന്നു കാണപ്പെട്ടേക്കാം. എന്നാൽ ചരിത്രം പഠിപ്പിക്കുന്നതു അവൾക്കു ഒരിക്കലും തെറ്റുപറ്റിയിട്ടില്ലെന്നും, അവളുടെ സന്താനങ്ങൾക്കു അവളെ വിശ്വസിച്ചതുകൊണ്ടു ഒരു നഷ്ടവും വന്നിട്ടില്ലെന്നും, മാത്രമല്ല സത്യാന്വേഷണത്തിൽ നിരവധി അപകടങ്ങളിൽ നിന്നും, പ്രമാദങ്ങളിൽനിന്നും സംശയങ്ങളിൽനിന്നും അവൾ സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും ഓർക്കുക.

തിരുസ്സഭയുടെ കല്പനകളെ അനുസരിച്ചാൽ മാത്രം പോരാ. നമ്മുടെ വിചാരവികാരാദികൾക്കുടെയും സഭയുടേതിനോ

ട്ട പൂർണ്ണമായി യോജിപ്പിക്കുവാൻ ശ്രമിക്കണം. സഭയുടെ അവകാശങ്ങളേയും, ആദർശങ്ങളേയും, അഭിപ്രായങ്ങളേയും ആദരിക്കുന്നതിൽ നാം മുന്നിട്ട നില്ക്കണം. സദാ സഭയുടെ വശത്തു നില്ക്കുന്നതിനും സഭയെ ആദരിക്കുന്നതിനുമുള്ള ഈ സന്നദ്ധത യഥാർത്ഥവിശ്വാസ ചൈതന്യത്തിന്റെ അടയാളമാകുന്നു. "അട്ടക്കലട്ടക്കൽ ദിവ്യപൂജ കാണുന്നതിനേയും, പള്ളിയിലും പള്ളിക്കു പുറത്തും നടത്തുന്ന പാട്ടുകളും, സങ്കീർത്തനങ്ങളും, ദീർഘപ്രാർത്ഥനകളും, കാനോകികജപം, അവയുടെ നിശ്ചിതസമയങ്ങളും, ദൈർഘ്യം ഇവയെ സ്തുതിക്കുക." എന്നു വി. ഇഗ്നേഷ്യസ് പറയുന്നു.

ആന്തരിക തപസ്സിനെ മാത്രമല്ല ബാഹ്യമായ തപശ്ചര്യ്യകളേയും, ഉപവാസം മാംസവർജ്ജനം മുതലായവയേയും സ്തുതിക്കണം. ഇവയേയും പുണ്യാഭിവൃദ്ധിക്കായുള്ള നിരവധി ഭക്താഭ്യാസങ്ങളും, പ്രാർത്ഥനകളും, ഏകാന്തജീവിതം, മൌനം, ദാരിദ്ര്യാനുഷ്ഠാനം, അല്പകാര്യങ്ങളിലുള്ള ശ്രദ്ധ, വിനുദ്ധിക്കുള്ള വലിയ ആഗ്രഹം, കത്തോലിക്കാ ചൈതന്യത്തെ ഉത്തേജിപ്പിക്കുന്ന പ്രേക്ഷിണങ്ങളും, തിരുനാളാഘോഷങ്ങളും, ദേവാലയാലങ്കാരങ്ങളും ഇവയെയെല്ലാം പാടി പുച്ഛമായി വിചാരിക്കുകയും പറയുകയും ചെയ്യുന്നവർ തിരുസ്സഭയോടുകൂടി ചിന്തിക്കുന്നവരല്ല. പുണ്യജീവിതത്തേയും അതിന്റെ വിവിധ അഭ്യാസങ്ങളേയും അവയിലുള്ള തീക്ഷ്ണമായ ഔദാര്യത്തേയും അവജ്ഞയോടെ വീക്ഷിക്കുന്ന ആധുനികലോകത്തിന്റെ ചിന്താഗതിയല്ല തിരുസ്സഭയുടേതു് എന്നു ഓരോകാലത്തും മാർപ്പാപ്പാമാർ ചെയ്തിട്ടുള്ള പ്രഖ്യാപനങ്ങളും വിശ്വലേഖനങ്ങളും വിശദമായി കാണിക്കുന്നുണ്ടു. എന്നാൽ നല്ല കത്തോലിക്കരായി കാണപ്പെട്ടുന്നവർ എന്നുവേണ്ട സന്ന്യാസികൾപോലും സഭയുടെ ചിന്താഗതിയിൽ നിന്നു വ്യതിചലിച്ചു ആധുനികലോകത്തിന്റെ ചിന്താവീഥിയിലൂടെ ചരിക്കുന്നു എങ്കിൽ അതു എത്ര പരിതാപകരം! ഈ അബദ്ധം നമുക്കു വരാതിരിക്കട്ടെ.

"കർത്താവെ, ഞാൻ തിരുസ്സഭയുടെ ഒരു പുത്രിയാകുന്നു" എന്നു അഭിമാനപൂർവ്വം മരണ സമയത്തു പറയുവാൻ വി. അമ്മത്രേസ്യായ്ക്കു സാധിച്ചതുപോലെ നമുക്കും സാധിക്കണമെങ്കിൽ നമ്മുടെ വിശ്വാസത്തിനു വളരുവാൻ ആവശ്യമായ ഒരു പശ്ചാത്തലം നമ്മളിൽഉണ്ടാക്കണം. ഈ പശ്ചാത്തലം വിനീതമായ ഒരു വിധേയമനഃസ്ഥിതിയാണു്, ആധുനികലോകത്തെ

കൂടുതൽ സൗഭാഗ്യകരവും പാവനതരവുമായ ജീവിതപന്ഥാവിലേക്കു തിരിച്ചുകൊണ്ടുവരുവാൻ സുദൃഢവും നിഷ്കപടവുമായ വിശ്വാസചൈതന്യമുള്ള പുണ്യാത്മാക്കളാണ് വിദ്യാസമ്പന്നരെക്കാൾ അവശ്യമുള്ളതു്. ഇന്നവരെജീവിച്ചിട്ടുള്ള വിദ്വൽശിരോമണികളുടെ പരിശ്രമങ്ങൾ ഒന്നിച്ചുചേർത്താൽ അതു വല്ലതുമൊരു നന്മയാണെങ്കിൽ അതിൽ നൂറു മടങ്ങു നന്മയാണ് ഒരു ആർസിലെ വികാരിയോ ഒരു കൊച്ചുത്തെരേസ്യായോ അവരുടെ നിഷ്കപട വിശ്വാസചൈതന്യത്താൽ ചെയ്തിട്ടുള്ളതു്. സജീവമായ വിശ്വാസമില്ലാതെ വിദ്വാന്മാരായാൽ അതു നമുക്കും അന്യർക്കും നാശകരമാകും.

സംഭാഷണം: "കർത്താവേ, ഞങ്ങളുടെ വിശ്വാസം നീ വർദ്ധിപ്പിക്കേണമെ. ഞാൻ വിശ്വസിക്കുന്നു. എന്റെ വിശ്വാസത്തിനു കുറവുള്ളതു നീ തീർക്കണമെ. ചതിക്കുവാനും ചതിക്കപ്പെടുവാനും പാടില്ലാത്ത ദൈവമേ, അങ്ങേ രക്ഷാകരമായ നന്മകളെ വ്യാഖ്യാനിക്കുവാനും പഠിപ്പിക്കുവാനുമായി അങ്ങു നിയമിച്ച സഭ അധികാരവും നൽകിയിട്ടുള്ള പരിശുദ്ധ കത്തോലിക്കാസഭ പഠിപ്പിക്കുന്നതെല്ലാം ഞാൻ ഉറപ്പായി വിശ്വസിക്കുന്നു. നരകവാതിൽ അതിനു വിരോധമായി പ്രബലപ്പെടുകയില്ലെന്നു എനിക്കു നല്ല നിശ്ചയമുണ്ട്". പ്രമാദരഹിതമായ ഈ സഭോമാതാവിന്റെ ഒരു വിശ്വസ്ത സന്താനമായിരിക്കുന്നതു എത്രയോ വലിയ ഭാഗ്യം! ഈശോയുടെ പരിശുദ്ധ ഹൃദയമേ, സജീവമായ വിശ്വാസചൈതന്യത്തിൽ സദാ ജീവിക്കുന്നതിനു എന്നെ സഹായിക്കണമെ. പിതാവായ ദൈവത്തിന്റെ മകളായ പരിശുദ്ധ ദൈവമാതാവേ, ഞങ്ങളിൽ വിശ്വാസമെന്ന പുണ്യമുണ്ടായി ഫലം ചെയ്യുന്നതിനു അങ്ങേ തിരുക്കുമാരനോടു പ്രാർത്ഥിക്കണമെ.

# രണ്ടാം ധ്യാനം—ശരണം

ശ്രുപീകരണം: "ഞാൻ ആരെയാണു് വിശ്വസിച്ചിരിക്കുന്നതു് എന്നു എനിക്കറിയാം" എന്നു വി. പൌലോസ് പറയുന്നതു ശ്രവിക്കുക.

അഭ്യർത്ഥന: ദൈവത്തിൽ സുദൃഢമായ ശരണം എപ്പോഴും വെയ്ക്കുന്നതിനു വേണ്ട സഹായം പ്രാർത്ഥിക്കുക.

ധ്യാനം: ശരണം ഒരു ദൈവികപുണ്യമാകുന്നു, ഇതുവഴിയായി പരമനന്മയായ ദൈവത്തെ നാം അഗ്രഹിക്കുകയും, അങ്ങിൽ നിന്നു നിത്യഭാഗ്യവും അതിനു പര്യാപ്തമായ മാർഗ്ഗങ്ങളും സുദൃഢമായി പ്രതീക്ഷിക്കുകയും ചെയ്യുന്നു. എന്തെന്നാൽ നമ്മുടെ വത്സലപിതാവായ ദൈവം സർവ്വശക്തനും നമ്മെ പൈതൃക വാത്സല്യത്തോടുകൂടി സ്നേഹിക്കുന്ന കരുണാനിധിയുമാണു്. നമ്മുടെ സർവ്വതോന്മുഖമായ ഉൽക്കർഷവും സൗഭാഗ്യവുമാണു് തന്റെ ഏക ചിന്ത എന്നു തോന്നുമാറു് അവിടുന്നു് സദാ നമ്മെ പരിപാലിച്ചുവരുന്നു. നമ്മുടെ ആത്മികവും ശാരീരികവും പാരത്രികവും ഐഹികവും ആയ സകല ആവശ്യങ്ങളിലും നമ്മെ സഹായിക്കുവാൻ അവിടുന്നു് സദാ സന്നദ്ധനായിരിക്കുന്നു. എന്നല്ല നമ്മുടെ ആവശ്യങ്ങളിൽ നമ്മെക്കാൾ ഉൽക്കണ്ഠ അങ്ങയ്ക്കുണ്ടെന്നു തോന്നത്തക്കവണ്ണമാണു് അവിടുന്നു് വർത്തിക്കുന്നതു്. കാരണം, ദൈവം നന്മതന്നെയാണു്. നന്മയുടെ സ്വഭാവമാകട്ടെ അതേപടി ഇരിക്കാതെ സദാ വ്യാപിച്ചുകൊണ്ടിരിക്കുകയാണു്. അതിന്റെ ഗുണത്തെ കഴിയുന്നതു വിതരണം ചെയ്യുക അതിനു സഹജവുമാണു്. അതുകൊണ്ടു നമുക്കു നന്മചെയ്യുന്നതിനുള്ള ദൈവത്തിന്റെ ആഗ്രഹം നമുക്കു അതു സ്വീകരിക്കുന്നതിനുള്ള ആഗ്രഹത്തെ അതിശയിക്കുന്നതാണെന്നുവേണം പറയുവാൻ. മാത്രമല്ല, "കൊടുക്കുന്നവൻ വാങ്ങുന്നവനെക്കാൾ ഭാഗ്യവാനാകുന്നു" എന്നു അവിടുന്നുതന്നെ അരുളിച്ചെയ്തിട്ടുമുണ്ടു്. (നടപടി XX. 35)

പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവത്തിൽ ശരണപ്പെട്ടവരെ അവിടുന്നു് എപ്രകാരം സ്നേഹിക്കുന്നുവെന്നും എത്ര വിശ്വസ്തതയോടെ അവരെ സഹായിക്കുന്നുവെന്നും കാ

ണാം. "കർത്താവിൽ ശരണപ്പെടുന്നവർ അവരുടെ ശക്തിയെ നവീകരിക്കും." (ഏശ 40–31) "എന്റെ മക്കളെ, മനഃപ്പൂപ രമ്പരകളെ സൂക്ഷിക്കുവിൻ. കർത്താവിൽ ആശ്രയിക്കുന്നവരെ രും ലജ്ജിതരായിട്ടില്ലെന്നു ധരിക്കുകയും ചെയ്യുവിൻ....എന്തുകൊ ണ്ടെന്നാൽ, ദൈവം അനുകമ്പയും അനുഗ്രഹവുമുള്ളവനാകുന്നു." (പ്രഭാഷകൻ II 1 B) "ഒരു പിതാവു തന്റെ സന്താനങ്ങളു ടെമേൽ കരുണ കാണിക്കുന്നതുപോലെ കർത്താവു തന്നെ ഭയ പ്പെടുന്നവരുടെമേൽ കരുണ പ്രദർശിപ്പിക്കുന്നു."(സങ്കീ. 10 3. 13) "തന്റെ ഉദരഫലമായ ശിശുവിന്റെമേൽ കരുണ തോന്നാതി രിക്കത്തക്കവണ്ണം അതിനെ മറക്കുവാൻ ഒരു സ്ത്രീക്കു സാദ്ധ്യമോ? അവൾ ഒരുപക്ഷെ മറന്നാലും ഞാൻ നിന്നെ ഒരു നാളും മറക്കു കയില്ല. കണ്ടാലും, ഞാൻ നിന്നെ എന്റെ കൈവെള്ളയിൽ എഴുതിവച്ചിരിക്കുന്നു." (ഏശയ്യാ 49: 15–16)

സുവിശേഷത്തിന്റെ ഏതു പുറത്തും തെളിഞ്ഞു കാണുന്നതു് ദൈവത്തിന്റെ അനന്തകാരുണ്യമാണു്. അവതീർണ്ണനായ ദൈവത്തിന്റെ ഉപദേശവും മാതൃകയും അതുതന്നെ. അവിടു ന്നു ചുങ്കക്കാരായ മത്തായിയോടും സക്കേവൂസിനോടും, പാ പിനികളായ മഗ്ദലേനായോടും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടും എങ്ങനെ വർത്തിച്ചുവെന്നു നാം അറിയുന്നു. ധൂർത്ത പുത്രന്റെയും, നല്ല ഇടയന്റെയും മറവും ഉപമകൾ മുക്തക ണ്ഠം അങ്ങേ കാരുണ്യാതിരേകത്തെയല്ലയോ വിളിച്ചറിയിക്കുന്ന തു്? പാപികളോടു ഇത്ര കാരുണ്യപൂർവ്വം വർത്തിച്ചതിന്റെ കാ രണം അവിടുന്നുതന്നെ പറയുന്നു. "രോഗികൾക്കല്ലാതെ സുഖമു ള്ളവർക്കു വൈദ്യനെക്കൊണ്ടു ആവശ്യമില്ല....ഞാൻ നീതിമാന്മാ രെയല്ല, പാപികളെയത്രെ വിളിക്കുവാൻ വന്നിരിക്കുന്നതു്" (മത്താ: IX. 12–13) അതുകൊണ്ടു എത്രയധികം പാപങ്ങളും ദുർന്നടപ്പും നമ്മുടെ ആത്മാവിനെ ഭാരപ്പെടുത്തുന്നുവോ, അ ത്രയധികം ശരണത്തോടെ നമുക്കു അങ്ങേ സമീപിക്കാം. ഇങ്ങ നെയുള്ളവരെ തേടിയാണു് അവിടുന്നു വന്നതു്.

നമ്മുടെ ലൗകികകാര്യങ്ങളിലും ദൈവത്തിനു വിചാര മുണ്ടു എന്നു നാം കർത്താവു തെളിവായി പ്രസ്താവിക്കുകയും പ്ര വൃത്തിയിൽ കാണിക്കുകയും ചെയ്തിട്ടുണ്ടു. സുവിശേഷവും നമ്മു ടെ ഓരോരുത്തരുടെയും അനുഭവവും ഇതിനു സാക്ഷിയാണു്. നി സ്സംശയം നമുക്കു ആശ്രയിക്കാവുന്ന ഏകവ്യക്തി നമ്മുടെ കർത്താ വാണു്. സ്വന്തമാതാപിതാക്കൾ നമ്മെ വിസ്മരിച്ചാലും അവി

ട്ടുന്ന നമ്മെ വിസ്മരിക്കയില്ല, അതുകൊണ്ടു ദൈവത്തിലുള്ള നമ്മുടെ ആശ്രയബുദ്ധിക്കു ഒരു അതിരും വെക്കരുതു്. "ചോദിപ്പിൻ നിങ്ങൾക്കു തരപ്പെടും. അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ നിങ്ങൾക്കു തുറക്കപ്പെടും" (മത്താ. VII. 7) എന്നല്ലെ ന. ദിവ്യരക്ഷകൻതന്നെ അരുളിച്ചെയ്യുന്നതു്? പിന്നെ, എന്തിനു നാം സംശയിക്കുന്നു? ആരെല്ലാം തന്നെസമീപിച്ചുവോ അവരെല്ലാം ആന്തരികവും ശാരീരികവുമായ അനുഗ്രഹങ്ങൾ ധാരാളമായി, പ്രതീക്ഷയെ കവിഞ്ഞുകൊടുത്തും, പ്രാപിച്ചുകൊണ്ടാണു പോയിരുന്നതു. കർത്താവിൽ ആശ്രയിക്കുന്നവരുടെ അനുഭവം ഇന്നും ഇതുതന്നെയാണു്. അധികം ശരണപ്പെടുന്നവർ അധികം പ്രാപിക്കുന്നു. ഇവർ അനുഗ്രഹങ്ങൾ കവർന്നെടുക്കുന്നു എന്നു പറയാം. വിശുദ്ധാത്മാക്കൾ ദൈവത്തിൽ ആശ്രയിച്ചതുകൊണ്ടു സ്വന്താത്മാക്കളിലും, അവർ പുണ്യവഴിയിൽ നടത്തിയവരിലും, എന്നു വേണ്ടാ അവരുടെ ലൌകികകാര്യങ്ങളിൽക്കൂടെയും അത്ഭുതാവഹമായി വിജയിച്ചു. അവർ എന്തെല്ലാം മഹൽകാര്യങ്ങളാണു് സ്വന്തശരണത്തിന്റെ ഫലമായി ഇഹത്തിൽതന്നെ നിർവ്വഹിച്ചിട്ടുള്ളതു്? ഇന്നു ലോകത്തിൽ കാണുന്ന വിവിധസന്ന്യാസസഭകളും അവയോടുചേർന്ന നിരവധിസ്ഥാപനങ്ങളും ഇങ്ങനെ ആവിർഭവിച്ചതല്ലയോ?

തുർക്കിസുൽത്താനെ അത്ഭുതപരതന്ത്രനാക്കത്തക്കവണ്ണം അസ്സീസിയിലെ ദരിദ്രനായ ഫ്രാൻസീസിനു ഒരു പൈപോലും സമ്പാദ്യമില്ലാതെ അനേകായിരം സന്ന്യാസികളെപോറ്റുവാൻ സാധിച്ചതു ദൈവപരിപാലനയിൽ അദ്ദേഹത്തിനുണ്ടായിരുന്ന മനോവിശ്വാസത്താലായിരുന്നു. അബലയായ ഒരു കന്യകയ്ക്കു കർമ്മലീത്താസഭയെ നവീകരിക്കുന്നതിനും അനേകം സന്ന്യാസഭവനങ്ങളെ സ്ഥാപിക്കുന്നതിനും സാധിച്ചതും ആതുകൊണ്ടുതന്നെ. വി. കൊച്ചുത്രേസ്യായുടെ ശക്തിയിൽ ലോകം വിസ്മയിക്കുന്നു. അവളുടെ ശക്തിയുടെ രഹസ്യവും ദൈവത്തിലുള്ള മനോവിശ്വാസംതന്നെ. "ഒരു ഉണ്ടും തടവെക്കാൻ ഒരു താങ്ങും തരിക—എന്നാൽ ഭൂഗോളത്തെ ഞാൻ പൊക്കാം." എന്നു അർക്കിമിദീസ് എന്ന വിദ്വാൻ പറഞ്ഞിട്ടുണ്ടു്....എന്നാൽ അയാൾക്കു സാധിക്കാഞ്ഞതിനെ പുണ്യവാന്മാർ പൂർണ്ണമായി സാധിച്ചിട്ടുണ്ടു. സർവ്വശക്തനിലുള്ള ആശ്രയം താങ്ങായും പ്രാർത്ഥന ഉണ്ടായും ഉപയോഗിച്ചാണു് അവർ ഭൂലോകംതന്നെ എടുത്തുയർത്തിയതു്."

എന്നിങ്ങനെ വി. കൊച്ചുത്രേസ്യ സ്വയംകൃതചരിത്രത്തിൽ എഴുതിയിരിക്കുന്നു.

തിരുസ്സഭയുടെ ചരിത്രം എടുത്തു നോക്കുക. അവർ ഏതെല്ലാം വിഷമഘട്ടങ്ങളെ തരണം ചെയ്തു ഇന്നു വിജയശ്രീലാളിതയായി നിലകൊള്ളുന്നു! അവളെ നയിക്കുന്ന ആ ദൈവം തന്നെ നമ്മോടുകൂടെയുണ്ട്. ദൈവത്തിനുവേണ്ടിയുള്ള സകല സംരംഭങ്ങളിലും അവിടുന്നു നമ്മെ സഹായിക്കും. വിജയത്തിൽ എത്തിക്കുകയും ചെയ്യും. ഈ ലോകത്തിലെ പരാജയങ്ങളിൽപോലും വിജയം അദൃശ്യമായി സ്ഥിതിചെയ്യുന്നുണ്ട്, പിന്നീടു പ്രത്യക്ഷമായും. ഈ വിഷയത്തിൽ നാം അതിവിവേകികളായി പോകുന്നില്ലെ? ഐഹികപരാജയങ്ങളെ പേടിക്കുന്നില്ലെ? അതുകൊണ്ടല്ലെ ദൈവത്തിനുവേണ്ടി ഏറെയൊന്നും ചെയ്യാൻ സാധിക്കാത്തതു്? എന്നെല്ലാം പരിശോധിച്ചുനോക്കുക. ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചാൽ നമുക്കു എല്ലാം സാധിക്കും. കാരണം, അവിടെ ബലഹീനനായ മനുഷ്യനല്ല, സർവ്വശക്തനായ ദൈവമാണു് പ്രവർത്തിക്കുന്നതു്. ഇതു നന്നായി അറിഞ്ഞിരുന്ന വി. പൌലോസു് പറയുന്നു: "എന്നെ ശക്തിപ്പെടുത്തുന്നവനിൽ എനിക്കു എല്ലാം സാധിക്കും" എന്നു (ഫിലി. IV. 13) "ഞാൻ ആരെയാണു് വിശ്വസിച്ചിരിക്കുന്നതെന്നു എനിക്കറിയാം." (II തിമോ. I. 12) എന്നാണു് അദ്ദേഹം തിമോത്തിക്കെഴുതിയതു.

"നിങ്ങൾക്കു ചന്ദ്രന്റെ ഒരു കഷണം ആവശ്യമുണ്ടെങ്കിൽ അതും ദൈവത്തോടു ചോദിച്ചാൽമതി. അവിടുന്നു നിങ്ങളുടെ പ്രാർത്ഥനയെ നിരസിക്കുമെന്നു തോന്നുന്നില്ല" എന്നു ഫാദർ ജിയാഫ്രി എന്നൊരു ഇംഗ്ലീഷുസഭാ വൈദികൻ സമീപസ്ഥരോടു പറയുകയുണ്ടായി. ഇതിൽ വിസ്മയിക്കാനില്ല. ചന്ദ്രന്റെ കഷണം നമുക്കു ആവശ്യമെന്നുകണ്ടാൽ തീർച്ചയായും നൽകും. ആവശ്യമുണ്ടോ, ഇണകരമോ, ഉപദ്രവകരമോ എന്നൊക്കെ നമ്മെക്കാൾ അങ്ങേക്കാണു് നിശ്ചയം എന്നുകൂടി ഓർത്തിരിക്കണം. ചന്ദ്രന്റെ സൃഷ്ടാവായ അവിടുന്നു തന്റെ ദിവ്യസ്വഭാവത്തിൽതന്നെ ഒരു ഓഹരി,, നമ്മിൽ ആശ്രയിക്കുന്നതിനു മുമ്പുതന്നെ നമുക്കു നൽകിയില്ലെ? സ്വപുത്രനെപ്പോലും നൽകുവാൻ തക്കവണ്ണം ദൈവം നമ്മെ അത്രമാത്രം സ്നേഹിക്കുന്നു. (യോഹ. III 16) നമ്മെ സൗഭാഗ്യവാന്മാരാക്കുവാൻ വേണ്ടി എന്താണു അവിടുന്നു ചെയ്യാത്തതു്? എന്തിനേറെ? പരിശുദ്ധ ത്രിത്വംതന്നെ നമ്മിൽ

വസിക്കുന്നില്ലെ? ഇതിൽക്കൂടുതൽ എന്താണു് നമുക്കു വേണ്ടതു? ഇവയെല്ലാം വായിച്ചും, അറിഞ്ഞും, ധ്യാനിച്ചും ജീവിക്കുന്ന നമ്മുടെ മരണം സീമാതീതമായി വളരേണ്ടതല്ലേ. എന്നാൽ, കഷ്ടം, ഇതുവരെ ദൈവത്തിന്റെ ഔദാര്യത്തെ ഓർക്കാതെ അവിടുത്തെ ശക്തിയിലും അനുഗ്രഹത്തിലും വേണ്ടതു ആശ്രയിക്കാതെയല്ലെ നാം കാലം കഴിച്ചതു? ഇതാണു് നമ്മുടെ അധോഗതിക്കുള്ളകാരണം. വലിയ കാര്യങ്ങൾക്കായി—അതേ പുണ്യവാന്മാരാകുന്നതിനും, ദൈവസ്തുതിക്കും മനുഷ്യരുടെ സദ്ഭാഗൃത്തിനും വേണ്ടി വളരെയൊക്കെ ചെയ്യുന്നതിനുമായി—ദൈവം തന്നെയാണു് നമ്മെ വിളിച്ചിരിക്കുന്നതു". അതുകൊണ്ടു് ഒട്ടും അധൈര്യപ്പെടാതെ, പരാജയങ്ങളെ അവഗണിച്ചു, കർത്താവിൽ ആശ്രയിച്ചു മുന്നോട്ടു പോകണം. "കർത്താവെ, നിന്നിൽ ഞാൻ ആശ്രയിച്ചു. ഞാൻ ഒരുനാളും ലജ്ജിക്കയില്ല" "കർത്താവു എന്നെ ഭരിക്കുന്നു; എനിക്കു ഒരു കുറവും വരികയില്ല." എന്നു എനിക്കു പറയുന്നതു "ദൈവത്തെ സ്നേഹിക്കുന്നവർക്കു" എല്ലാം നന്മക്കായി കൂടിച്ചേരുന്നു." (റോമാ: VIII. 28) എല്ലാ ഇച്ഛാഭംഗങ്ങളും, പരാജയങ്ങളും, പ്രതിബന്ധങ്ങളും, എന്റെ നന്മക്കാണു്. തിന്മയിൽനിന്നകറ്റുടെയും നന്മയുളവാക്കുവാൻ എന്റെ ദൈവം ശക്തനാണു്.

സംഭാഷണം: എന്റെ ഈശോയേ, അങ്ങു എത്ര നല്ലവൻ, എത്ര മാധുര്യസംപൂർണ്ണൻ! അതെ, അങ്ങു നന്മതന്നെയാകുന്നു. ഹൃദയശാന്തതയും എളിമയുമുള്ള ഈശോയേ, അങ്ങെ ഹൃദയം, അതിൽ അഭയം പ്രാപിച്ചവരെ ഒരിക്കലെങ്കിലും തൃജിക്കയൊ വൃഥാ തിരിച്ചയക്കയോ ചെയ്തിട്ടില്ല. എന്റെ സമയം മുഴുവൻ നിന്നിൽ ഞാൻ നിക്ഷേപിക്കുന്നു. എന്നെത്തന്നെ ഞാൻ ഭയപ്പെട്ടുന്നെങ്കിലും നിന്നിൽനിന്നെല്ലാം ഞാൻ രക്ഷപ്പെടുന്നു. മറിയത്തിന്റെ വിമലഹൃദയമേ, നീ എന്റെ രക്ഷയായിരിക്കണമെ. പുരുൻതമ്പുരാന്റെ മാതാവായ പരിശുദ്ധ ദൈവമാതാവേ, ഞങ്ങളിൽ ദൈവശരണമെന്ന പുണ്യം ഉണ്ടായിവളരുവാൻ നിന്റെ തിരുക്കുമാരനോടപേക്ഷിക്കണമെ.

# മൂന്നാം ധ്യാനം—ഉപവി

ത്രൂപീകരണം: എന്റെ ദൈവമേ, ഞാൻ—അങ്ങയെ—സ്നേഹിക്കുന്നു." എന്നു പറഞ്ഞുകൊണ്ടു് സ്നേഹപരവശയായി വി. കൊച്ചുത്രേസ്യാ മരിക്കുന്നതു കാണുന്നതായി സങ്കല്പിക്കുക.

ആദ്യത്ഥനം: ഉപവി എന്ന വിശിഷ്ടപുണ്യം നമ്മിൽ അനുദിനം വർദ്ധിച്ചുവരുന്നതിനും തൽഫലമായി സ്നേഹാഗ്നിയാൽ എരിയുന്ന ഹൃദയത്തോടുകൂടി ജീവിച്ചു മരിക്കുന്നതിനും വേണ്ട ദൈവാനുഗ്രഹം അപേക്ഷിക്കുക.

ധ്യാനം: ത്രൂപീകരണവരപ്രസാദം എന്ന നവജീവനോടുകൂടിത്തന്നെ ദൈവം നമ്മുടെ ആത്മാവിൽ ചിന്തുന്നതും, ദൈവത്തെക്കുറിച്ചുതന്നെ നമ്മെയും മറ്റുള്ളവരെയും സ്നേഹിക്കുന്നതിനു നമ്മെ സഹായിക്കുന്നതുമായ ഒരു ദൈവികപുണ്യമാണു് ഉപവി. ഇതു വിശ്വാസവും ശരണവുംപോലെ നമ്മുടെ സ്വഭാവാതീത ജീവന്റെ ഒരു പ്രവർത്തനശക്തിയാണു്. എന്നു വേണ്ട ഏറ്റം വിശിഷ്ടമായ ശക്തിതന്നെയാണു്. മറ്റതുരണ്ടും ജീവലക്ഷ്യം പ്രാപിക്കുന്നതോടുകൂടി അവസാനിക്കുന്നു. ഇതാകട്ടെ എന്നും നിലനിൽക്കുന്നു. മറ്റുശക്തികളെ വികസിപ്പിക്കുന്നതിനും പോഷിപ്പിക്കുന്നതിനും ചെയ്യുന്നതിലധികം ഉത്സാഹം സ്നേഹത്തെ വർദ്ധിപ്പിക്കുന്നതിനു ഉണ്ടാകണം. ഇതു ദൈവം സൌജന്യമായി നമ്മുടെ ആത്മാവിൽ ചിന്തുന്ന ഒരു ഗുണവിശേഷമാണെങ്കിലും അതിന്റെ വർദ്ധനവിൽ നമുക്കു സഹകരിക്കാവുന്നതും നാം സഹകരിക്കേണ്ടതുമാണു്.

ദൈവം സ്വതേ എത്ര നല്ലവനും സ്നേഹയോഗ്യനും ആണെന്നും, അവിടുന്നു നമ്മെ എത്രയധികം സ്നേഹിക്കുന്നുവെന്നും മറ്റും ചിന്തിച്ചാൽ ഉപവി നമ്മിൽ വർദ്ധമാനമായിക്കൊള്ളും. ദൈവത്തെക്കുറിച്ചുള്ള ഈ ഉള്ളടമായ അറിവിന്റെ അവശ്യഫലമാണു് സ്നേഹം. അതുകൊണ്ടു ദൈവത്തെ എത്ര കൂടുതൽ അറിയുമോ അത്ര കൂടുതൽ നാം സ്നേഹിക്കും. എന്നാൽ ദൈവം എത്ര നല്ലവനാണെന്നും നമ്മെ എത്രമാത്രം സ്നേഹിക്കുന്നുവെന്നുമുള്ളതു് മനുഷ്യബുദ്ധിക്കു ഏതാണ്ടു അഗ്രാഹ്യമായ ഒരു യാഥാർത്ഥ്യമാണു്. മനുഷ്യൻ ദൈവത്തിന്റെ സ്നേഹവിഷയമാകുന്നതെ

ങ്ങനെ എന്നുള്ളതു നമ്മെ വിസ്മയിപ്പിക്കുന്നു. അവിടുന്നു മനുഷ്യനെ സ്വന്തം ഛായയിൽ സൃഷ്ടിച്ചു് സകല സൗഭാഗ്യങ്ങളും അവനു നൽകി. ആദ്യമനുഷ്യൻ ദൈവാജ്ഞയെ ലംഘിച്ചപ്പോഴും മാലാഖമാരെപ്പോലെ നിത്യനരകശിക്ഷക്കു അവനെ വിധിക്കാതെ ദൈവം ഒരു രക്ഷകനെ വാഗ്ദാനം ചെയ്തു. കാലത്തിന്റെ തികവിൽ ദൈവം മനുഷ്യനായി അവതരിച്ചു് ഏറ്റം ഭക്തിനായി ഏവക്കും ഉത്തമാദർശമായി ജീവിച്ചശേഷം മനുഷ്യരക്ഷാർത്ഥം കഠിനപീഡകൾക്കും അപമാനങ്ങൾക്കും അധീനനായി കുരിശിൽ തന്റെ ജീവനെ ഹോമിച്ചു. ഇതുകൊണ്ടും തൃപ്തിപ്പെടാതെ "മനുഷ്യമക്കളോടുകൂടിയിരിക്കുന്നതു എന്റെ സന്തോഷമാകുന്നു" എന്നു അരുളിച്ചെയ്തുകൊണ്ടു് ലോകാവസാനത്തോളം പരിശുദ്ധ കൗദാനവഴിയായി നമ്മുടെയിടയിൽ വസിക്കുന്നു. കൂടാതെയും, അവിടുന്നു നിരന്തരം തിരുസ്സഭയെ പഠിപ്പിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നു. മാത്രമല്ല, പരിശുദ്ധ ത്രിത്വം വരപ്രസാദമുള്ള ഓരോ ആത്മാവിലും വസിച്ചു് തന്റെ ആന്തരിക പ്രേരണകളാൽ സുകൃതപന്ഥാവിൽ അതിനെ ചരിപ്പിക്കുകയും ഉത്തരോത്തരം അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നു.

ദൈവം നമ്മെ വ്യക്തിപരമായും സ്നേഹിക്കുന്നു. നമ്മിൽ ഓരോരുത്തരുടേയും ജീവിതത്തെ ഒന്നു പരിശോധിച്ചാൽ ദൈവം നമ്മെ എത്രമാത്രം സ്നേഹിക്കുന്നുവെന്നു നിഷ്പ്രയാസം മനസ്സിലാക്കാം. ഭക്തിയും ക്രിസ്തീയചൈതന്യവുമുള്ള മാതാപിതാക്കന്മാരിൽനിന്നു ജനിക്കുന്നതിനും ക്രിസ്തീയാന്തരീക്ഷത്തിൽ വളരുന്നതിനും അവിടുന്നു ഇടയാക്കിയില്ലേ? മാത്രമോ? മാമ്മോദീസായിൽ ലഭിച്ച പ്രസാദവരത്തെ അറിഞ്ഞു വിലമതിക്കുന്നതിനും ഫലിപ്പിക്കുന്നതിനുമായി സന്ന്യാസത്തിലേക്കും ഒരു പക്ഷേ വൈദികാന്തസ്സിലേക്കും നമ്മെ വിളിച്ചില്ലയോ? ഏതൻ മൂലം വിവിധങ്ങളായ ആത്മീയാപകടങ്ങളിൽനിന്നു അവിടുന്നു നമ്മെ കാത്തുകൊള്ളുന്നു. ഇതിലും ഉപരിയായി സന്ന്യാസജീവനത്തിൽ സമാധാനവും പരത്തിൽ സ്വർഗ്ഗീയ സൗഭാഗ്യവും കൂടെ താൻവാഗ്ദാനം ചെയ്തിരിക്കുന്നു.

നമ്മെ ഇത്രയധികം സ്നേഹിക്കുന്ന നമ്മുടെ നല്ല ദൈവത്തെ ഇഹത്തിലും പരത്തിലും ഇടവിടാതെ സ്നേഹിക്കാതെ എങ്ങനെ ജീവിക്കാൻ കഴിയും? ദൈവസ്നേഹം അനുദിനം നമ്മിൽ വർദ്ധിച്ചുവരണം. ഇന്നത്തെക്കാൾ കൂടുതൽ നാം ദൈവത്തെ സ്നേഹിക്കുന്നില്ലെങ്കിൽ നാം എന്തിനു നാം ജീവിക്കുന്നു? സ്നേഹമില്ലെങ്കിൽ

നമ്മുടെ ആസ്തിക്യത്തിനു തന്നെയും യാതൊരർത്ഥവും ഇല്ലെന്നു വേണം പറയുവാൻ. എല്ലാറ്റിലും ഉപരിയായും നമ്മെക്കാൾ അധികമായും, പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും സർവ്വശക്തിയോടും കൂടിയും ദൈവത്തെ നാം സ്നേഹിക്കണം. (മത്താ. XX 37) ദൈവത്തെക്കുറിച്ചു മറവുള്ളവരേയും ഈശോ നമ്മെ സ്നേഹിച്ചതുപോലെ നിസ്സ്വാർത്ഥമായും പ്രകൃത്യതീതമായും നാം സ്നേഹിക്കണം. (യോഹ: XIII. 34) നമ്മുടെ ജീവിതം മുഴുവനും ഈ ഉദാത്ത സ്നേഹത്തിന്റെ ജീവിതമായിരിക്കുകയും വേണം. "എന്റെ പിതാവു എന്നെ സ്നേഹിച്ചതുപോലെ തന്നെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ വസിക്കുവിൻ" (യോഹ. XV. 9) എന്നു നാ. ദിവ്യരക്ഷകൻ ഉപദേശിക്കുന്നു. സ്നേഹംവഴി തന്റെ ഹൃദയത്തിൽ ഒരു സ്ഥാനം നാം കരസ്ഥമാക്കണമെന്നാണ് അവിടുത്തെ ആഗ്രഹം. "ദൈവം സ്നേഹമാകുന്നു. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും, ദൈവം അവനിലും വസിക്കുന്നു" (1 യോഹ. IV. 16) എന്നു വി. യോഹന്നാൻ പറയുന്നതാണ് സ്നേഹത്തിന്റെ ഫലം.

ഉപവി വലിയൊരു കാര്യമാണ്. അതുണ്ടെങ്കിൽ എല്ലാമുണ്ട്; ഇല്ലെങ്കിൽ ഒന്നുമില്ല. "ഞാൻ മനുഷ്യരുടെയും മാലാഖമാരുടെയും സകല ഭാഷകളിലും സംസാരിച്ചാലും എന്നിൽ സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ, ചിലമ്പുന്ന കൈത്താളമോ ആയിപ്പോകും. എന്നിൽ പ്രവാചകത്വം ഉണ്ടായിരിക്കുകയും സകല രഹസ്യങ്ങളും സകല ജ്ഞാനവും ഞാൻ ഗ്രഹിക്കുകയും ചെയ്താലും മലകളെ മാറുവാൻതക്കവണ്ണം സകലവിശ്വാസവും എന്നിലുണ്ടായാലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ ഒന്നുമല്ല. എനിക്കുള്ളതെല്ലാം ഞാൻ ദരിദ്രർക്കു ഭക്ഷിക്കുവാൻ കൊടുത്താലും, ദഹിക്കുവാനായി എന്റെ ശരീരം എല്പിച്ചാലും എന്നിൽ സ്നേഹമില്ലെങ്കിൽ എനിക്കു ഒരു പ്രയോജനവുമില്ല" (1 കൊറി. XIII 1–3) എന്നിങ്ങനെ വി. ശ്ലീഹാ എഴുതിയിരിക്കുന്നു. "നമ്മുടെ കർത്താവായ ഈശോമിശിഹായെ സ്നേഹിക്കാതിരിക്കുന്നവൻ ശപിക്കപ്പെട്ടവനാകട്ടെ" (I കൊറി. XVI. 22) എന്നുംകൂടി അതിശ്രേഷ്ഠൻ പറയുന്നു. അതുകൊണ്ടു സ്നേഹമില്ലെങ്കിൽ ശ്രേഷ്ഠമെന്നു മാത്രമല്ല, ശാപഗ്രസ്ഥർക്കുടെയും നാം അതുകം.

ഉപവി എല്ലാറ്റിലും വലിയ പുണ്യവും സകല പുണ്യങ്ങളുടെയും അന്ത്യവുമാകുന്നു. "എന്തെന്നാൽ നിലനില്ക്കുന്നതു ഇവ മൂന്നും അത്രെ: വിശ്വാസം, ശരണം, ഉപവി, ഇവയിൽ പ്രധാന

മായതു ഉപവിതന്നെ" എന്നു വി. ശ്ലീഹാ പറയുന്നു. (I കൊറീ. XIII. 13), വീണ്ടും "ഉപവി നിയമത്തിന്റെ പൂർത്തീകരണമാകുന്നു" (റോമ. XIII. 10) എന്നും, "കല്പനയുടെ ഉദ്ദേശ്യമോ ഹൃദയത്തിൽനിന്നും, നല്ല മനസ്സാക്ഷിയിൽനിന്നും, സത്യമായ വിശ്വാസത്തിൽനിന്നുമുള്ള ഉപവിയാകുന്നു" (I തിമോ. I. 5) എന്നും അദ്ദേഹം തന്നെ പറയുന്നു. അതേ, ഉപവി എന്ന ഒറ്റ വാക്കിൽ നമ്മുടെ പുണ്യപൂർണ്ണത മുഴുവൻ സ്ഥിതിചെയ്യുന്നു. "പുണ്യപൂർണ്ണത പ്രാപിക്കുന്നതിനു ഒരു മാർഗ്ഗമേ എനിക്കു അറിയാവൂ. അതായതു സ്നേഹം. ഹാ! നമുക്കു സ്നേഹിക്കാം. എന്തെന്നാൽ നമ്മുടെഹൃദയം മറെറാന്നിനുമല്ല സൃഷ്ടിക്കപ്പെട്ടിട്ടുള്ളതു. ഇഹത്തിൽ ഒരേഒരു കാര്യം മാത്രമേ നമുക്കു ചെയ്യേണ്ടതായിട്ടുള്ളൂ. അതു ഈശോയെ സ്നേഹിക്കുകയും, താൻ ഏറെറമേറെം സ്നേഹിക്കപ്പെടുവാൻവേണ്ടി തനിക്കു ആത്മാക്കളെ നേടിക്കൊടുക്കുകയും ചെയ്യുക എന്നതാകുന്നു. ഈശോയെ സ്നേഹിക്കുക, അന്യരാൽ താൻ സ്നേഹിക്കപ്പെടുന്നതിനും ഇടയാക്കുക. ഈ ഒരാഗ്രഹം മാത്രമേ ഇഹത്തിലും പരത്തിലും എനിക്കുള്ളൂ." എന്നിങ്ങനെയാണ് വി. കൊച്ചുത്രേസ്യാ പറയുന്നതു.

"ഒരുവൻ താൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും, സ്വന്തസഹോദരനെ ദ്വേഷിക്കയും ചെയ്യുന്നുവെങ്കിൽ അവൻ വ്യാജം പറയുന്നവനാകുന്നു. കാണപ്പെട്ടുന്ന തന്റെ സഹോദരനെ സ്നേഹിക്കാത്തിരിക്കുന്നവനു കാണപ്പെടാത്തവനായ ദൈവത്തെ സ്നേഹിക്കുവാൻ എങ്ങനെ കഴിയും?" (I യോഹ. IV. 20) എന്നു വി. യോഹന്നാൻ ചോദിക്കുന്നു. ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും മുഖാന്തിരം (Formal object) ഒന്നു തന്നെയാണ്. അതായതു ദൈവത്തിന്റെ നന്മ. മറവുള്ളവരെ ദൈവത്തെക്കരുതിച്ചു സ്നേഹിക്കുമ്പോഴാണ് ആ സ്നേഹവും ദൈവികപുണ്യമായിത്തീരുന്നതു. മറവുള്ളവരിൽ ദൈവസാദൃശ്യം കാണപ്പെടുന്നതിനാലും, അവർക്കുവേണ്ടിയും മിശിഹാ പീഡകരും സഹിച്ചു മരിച്ചതിനാലും, അവരും നിത്യഭാഗ്യത്തിനു വിളിക്കപ്പെട്ടിരിക്കുന്നതിനാലും ആയിരിക്കണം അവരെ നാം സ്നേഹിക്കുന്നതു. ഇങ്ങനെ എല്ലാവരിലും ദൈവത്തെ നാം ദർശിക്കുമ്പോൾ ദൈവസ്നേഹംപോലെ പരസ്നേഹവും നമുക്കു സുസാദ്ധ്യമാകും.

എന്നാൽ നമ്മുടെ ഉപവി—ദൈവസ്നേഹമാകട്ടെ പരസ്നേഹമാകട്ടെ—വെറും ഭംഗിവാക്കുകളിൽ അവസാനിച്ചുപോകുന്നുണ്ടോ

എന്നു നാം നോക്കണം. എന്തെന്നാൽ, "എന്റെ മക്കളേ, നാം വാക്കുകളാലും നാവിനാലുമല്ല, പ്രവൃത്തികളാലും സത്യത്തിലും അന്യോന്യം സ്നേഹിക്കണം." (I യോഹ. III. 12) എന്നതെ വി. യോഹന്നാൻ എഴുതിയിരിക്കുന്നതു. "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകൾ കാക്കുവിൻ" (വി. യോഹ XIV. 15) എന്നും, "സ്വർഗ്ഗത്തിലുള്ള എന്റെ പിതാവിന്റെയിഷ്ടം നിവൃത്തിക്കുന്നവനല്ലാതെ, എന്റെ കർത്താവേ, എന്റെ കർത്താവേ, എന്നു വിളിക്കുന്ന ഏവനുമല്ല സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതു." (വി. മത്താ VIII. 21) എന്നും ന. ദിവ്യരക്ഷകൻതന്നെയും അരുളിച്ചെയ്യുന്നു. അതുകൊണ്ടു ദൈവേഷ്ടം പൂർണ്ണമായി നിറവേറ്റിക്കൊണ്ടാണു് നമ്മുടെ സ്നേഹം നാം കാണിക്കേണ്ടതു. ഏറ്റവും വലിയ സ്നേഹപ്രകടനം സ്നേഹിതനു വേണ്ടി അനുഷ്ഠിക്കുന്ന ത്യാഗമാണെന്നു് ദിവ്യരക്ഷകൻ പ്രസ്താവിക്കുകയും, സ്വമാതൃകകൊണ്ടു അതിനെ ഉറപ്പിക്കുകയും ചെയ്തു. ഒരു മനുഷ്യൻ തന്റെ സ്നേഹിതന്മാർക്കുവേണ്ടി സ്വജീവൻ ഉപേക്ഷിക്കുക എന്നതിനെക്കാൾ വലിയ സ്നേഹമില്ല." (വി യോഹ. XV. 13)—എന്നാൽ സ്നേഹിതന്മാർക്കുവേണ്ടി മാത്രമല്ല, ശത്രുക്കൾക്കുവേണ്ടിക്കൂടെയും മിശിഹാ സ്വജീവനെപൂജിച്ചു. ദൈവമഹത്വത്തിനും മനുഷ്യരുടെ സൗഭാഗ്യത്തിനുംവേണ്ടി അവിടുന്നു അവാച്യമായ പീഡകൾക്കും മരണത്തിനും സ്വയം അർപ്പിച്ചു. ഈ മനുഷ്യരുടെ കൂട്ടത്തിൽ തന്റെ ശത്രുക്കളും ഘാതകന്മാരുംകൂടെ ഉൾപ്പെട്ടുന്നു. ഈദൃശമായ വിരോചിതസ്നേഹമായിരിക്കണം നമ്മുടേതും.

അതേ, ദൈവസ്തുതിക്കും മറ്റുള്ളവരുടെ സൗഭാഗ്യത്തിനും വേണ്ടി സ്വജീവാർപ്പണം ചെയ്യുന്നതിനുകൂടെയും നാം തയ്യാറായിരിക്കേണ്ടതാണു്. എന്നാൽ ചെറിയ ചെറിയ ത്യാഗങ്ങളെപ്പോലും പേടിച്ചു് സ്നേഹം കാണിക്കുന്നതിനുള്ള നിരവധി അവസരങ്ങളെ നാം നഷ്ടപ്പെടുത്തികളയുന്നില്ലേ? നമ്മുടെ തല്ക്കാലസ്ഥിതിയിൽ, സഹനംകൂടാതെ സ്നേഹമുണ്ടാകുമെന്നു വിചാരിക്കുന്നതു ഒരു മിഥ്യാബോധമാണു്. വി. കൊച്ചുത്രേസ്യാ പറയുന്നു. "'പാട്ടുകളുടെപാട്ടു' എന്ന വിശുദ്ധ പുസ്തകത്തിലെ ദിവ്യമണവാട്ടിയെപ്പോലെ സ്നേഹത്തെപ്രതി എന്റെ സ്വപ്നവും ഉപേക്ഷിച്ചാലും ഒന്നുംതന്നെ കൊടുത്തില്ല എന്നോ ഞാൻ വിചാരിക്കയുള്ളൂ. സ്നേഹം എല്ലാവരെയും സുഗമവും സുകരവും ആക്കിച്ചെയ്യുന്നു." വി. അഗുസ്തീനോസു് സമർത്ഥിക്കുന്നതുപോലെ

"സ്നേഹമുള്ളവൻ ഒന്നും വിഷമകരമല്ല. വല്ല വൈഷമ്യവുമുണ്ടെങ്കിൽ അവൻ അതിനെ കൂട്ടാക്കുന്നുമില്ല. വിഷമഘട്ടങ്ങളിൽ അവൻ സന്തോഷിക്കുകയും സധൈര്യം പരിശ്രമിക്കുകയും ചെയ്യുന്നു."

സംഭാഷണം: സ്നേഹാഗ്നിച്ചൂളയായ ഈശോയുടെ തിരുഹൃദയമേ, ഈ ദിവ്യസ്നേഹാഗ്നിയുടെ ഒരു പൊരി എന്റെ തണുത്ത ഹൃദയത്തിലേക്കു നീ വീഴ്ത്തണമെ. അതിൽ ഞാൻ മുഴുവൻ ദഹിക്കട്ടെ. നിന്റെ നേരെയുള്ള സ്നേഹത്താൽ എന്നെ ദഹിപ്പിക്കുകയും മറവുള്ളവരെക്കൊണ്ട് നിന്നെ സ്നേഹിപ്പിക്കുവാൻ എനിക്കു വരം നല്കുകയും ചെയ്യണമെ. ഈശോയെ, ദിവ്യസ്നേഹമേ, നിന്നെ സ്നേഹിക്കണമെന്നും എല്ലാവരെക്കൊണ്ടും സ്നേഹിപ്പിക്കണമെന്നുള്ളതു എന്റെ ഏകാഭിലാഷം ആയിരുന്നെങ്കിൽ! ഹാ, എത്രയോ അധികം നിന്നെ സ്നേഹിക്കാൻ ഞാനാഗ്രഹിക്കുന്നു!! വേറാരും ഒരിക്കലും സ്നേഹിച്ചിട്ടില്ലാത്തവിധം നിന്നെ സ്നേഹിക്കുന്നതിനു എനിക്കു സാധിച്ചിരുന്നെങ്കിൽ! എന്റെ ദൈവമേ, ഞാൻ നിന്നെ സ്നേഹിക്കുന്നു. മിശിഹായുടെ സ്നേഹത്തിൽനിന്നു ആർ എന്നെ വേർതിരിക്കും...." (റോമ. viii–35) എന്നു വി. പൗലോസപ്പോട്ടൊടെ പറയുവാൻ എനിക്കു സാധിച്ചെങ്കിൽ! പരിശുദ്ധാത്മാവിനു എത്രയും പ്രിയപ്പെട്ട പരി. ദൈവമാതാവേ, തങ്ങളിൽ ഉപവി എന്ന പുണ്യമുണ്ടായി വർദ്ധിച്ചുവരുവാൻ സഹായിക്കേണമെ.

ഉപദേശം

# വിശ്വാസപരമായ ജീവിതം

"നീതിമാൻ വിശ്വാസംമൂലം ജീവിക്കുന്നു" (റോമാ. 1.17)

വിശ്വാസത്തിനു അനുസരണമായി നമ്മുടെ വിചാരങ്ങളെയും വചനങ്ങളെയും പ്രവൃത്തികളെയും നിയന്ത്രിച്ചു ജീവിക്കുന്നതാണ് വിശ്വാസപരമായ ജീവിതം. വിശ്വാസം സ്വഭാവാതീതജീവിതത്തിന്റെ അടിസ്ഥാനവും ആരംഭവും പരിപോഷണവുമാണ്. നാം കഴിയുന്നതും വേഗത്തിൽ അതിസ്വാഭാവികജീവിതം ആരംഭിക്കുന്നതിനുവേണ്ടി വിശ്വാസം എന്നുള്ള മഹാദാനം ശൈശവത്തിലെതന്നെ ജ്ഞാനസ്നാനത്തോടുകൂടെ നമ്മുടെ ആത്മാവിൽ ചിന്തപ്പെട്ടുന്നു. ഈ വിശ്വാസത്തിന്റെ കൂടുതൽ കുറവനുസരിച്ചു നമ്മുടെ ജീവിതവും തീക്ഷ്ണതകൂടിയതോ കുറഞ്ഞതോ ആയിരിക്കുമെന്നുള്ളതു് സംശയരഹിതമാണ്. മറവു പുണ്യങ്ങളുടെയെല്ലാം അസ്തിവാരമായിരിക്കുന്ന വിശ്വാസമാണ് സംഗതികളെ അവയുടെ യഥാർത്ഥനിറത്തിൽ നമുക്കു കാണിച്ചുതരുന്നതു്. ഇതു നമ്മുടെ മുമ്പിൽ പ്രകാശിച്ചുകൊണ്ടിരിക്കുന്ന ഒരു വിളക്കുപോലെയാകുന്നു. വിശ്വാസസത്യങ്ങളെ ഈ വിളക്കിന്റെ വെളിച്ചത്തിൽകൂടി എത്ര കൂടുതലായി നാം കണ്ടുഗ്രഹിക്കുമോ അത്രയധികമായി അവ നമ്മുടെ ജീവിതത്തിന്റെ പ്രായോഗികവശത്തെ സ്പർശിക്കുന്നു. അതുകൊണ്ടാണ് "വിശ്വാസംകൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ അസാധ്യമത്രെ" എന്നു പരിശുദ്ധാത്മാവു അരുളിച്ചെയ്തിരിക്കുന്നതു്. വി. അഗുസ്തീനോസ്സിന്റെ അഭിപ്രായത്തിൽ "നന്നായി വിശ്വസിക്കുന്നവൻ മോശമായി ജീവിക്കുക പ്രയാസമാണ്." നന്നായി വിശ്വസിക്കുന്നു എന്നു വച്ചാൽ നമ്മുടെ വിശ്വാസം നിഷ്കൂടവും സുദൃഢവും വിശേഷിതവുമായിരിക്കണമെന്നത്രെ അർത്ഥം തന്നെ പറയുന്നതു്.

പുണ്യപൂർണ്ണരാകുവാൻ ആഗ്രഹിക്കുന്നവർ അവരുടെ ജീവിതത്തിൽവിശ്വാസത്തിനു ഏറ്റവും വലിയസ്ഥാനം കല്പിക്കേണ്ടതാണ്. കാരണം, ആദ്ധ്യാത്മികജീവിതത്തിന്റെ മൂലതത്വം ആണ് വിശ്വാസം. അതിന്റെ വിഷയം നേരിട്ടു ദൈവംതന്നെയുമാകുന്നു. ഭക്ഷണപാനീയങ്ങളും ശുദ്ധവായുവുംകൊണ്ടു സ്വാ

ഭാവികജീവനെ സംരക്ഷിച്ചു പരിപോഷിപ്പിക്കുന്നതുപോലെ വിശ്വാസംകൊണ്ടു അതിസ്വാഭാവികജീവനെപോഷിപ്പിക്കണം. ഇങ്ങനെയാണ് "നീതിമാൻ വിശ്വാസംകൊണ്ടു ജീവിക്കുന്നതു." (ഗാല iii–11) അവന്റെ സകല വിചാരങ്ങളും വാക്കുകളും പ്രവൃത്തികളും വിശ്വാസത്താൽ പ്രേരിതമായിരിക്കും. ഒരു സ്വഭാവാതീതചൈതന്യം നൽകി അവയെ ആത്മീയജീവിതത്തിൽ വിലയുള്ളവയാക്കുന്നതു വിശ്വാസമാണ്. തന്നിമിത്തം പുണ്യപൂർണ്ണതയെ ആഗ്രഹിക്കുന്നവൻ ജീവിതത്തിന്റെ ഏതു ക്ഷണത്തിലും വിശ്വാസപരമായി ജീവിക്കണം.

സൃഷ്ടികളിൽ കാണുന്ന ഗുണങ്ങളെല്ലാം ദൈവനന്മയുടെ ഒരു പ്രതിഫലനം മാത്രമാണെന്നും ദൈവം അവയിലെല്ലാം ആയിരിക്കയും ചിന്തിക്കയും പ്രവർത്തിക്കയും ചെയ്യുന്നവെന്നും ഉള്ള വിശ്വാസം, സൃഷ്ടികളിൽ സ്രഷ്ടാവിനെ കാണുന്നതിനും തന്നെ ആരാധിക്കുകയും, സ്തുതിക്കയും, സ്നേഹിക്കുകയും തന്നോടു കൃതജ്ഞത പ്രകാശിപ്പിക്കുകയും പ്രാർത്ഥിക്കുകയും മറ്റും ചെയ്യുകൊണ്ടു ജീവിക്കുന്നതിനും നമ്മെ വളരെ സഹായിക്കുന്നു. ഒരു പുഷ്പത്തിന്റെ ദർശനമാത്രയിൽ വി. പാസിമിറിയം ഭക്തപാരവശ്യത്തിൽ ലയിച്ചുപോയിരുന്നതും, ദൈവത്തെ വേണ്ടത്ര സ്നേഹിക്കാഞ്ഞതിനു വി. ആഗുസ്തീനോസിനെ സൃഷ്ടികൾ ശാസിക്കുന്നതായി അനുഭവപ്പെട്ടിരുന്നതും, സ്വർഗ്ഗത്തെപ്പറ്റിയുള്ള ചിന്തയാൽ ഭൂമിയിലുള്ളതെല്ലാം നിന്ദ്യമായി വി. ഇഗ്നേഷ്യസിനു തോന്നിയിരുന്നതും അവരുടെ വിശ്വാസചൈതന്യം മൂലമായിരുന്നു. മാത്രമല്ല, വിശ്വാസം ദൈവത്തെ നമ്മുടെ അന്തരംഗത്തുതന്നെ, നമുക്കു കാണിച്ചുതരുന്നു. ഈ പരമസത്യത്തിൽ സജീവവിശ്വാസമുള്ളവർ സദാ പരിശുദ്ധത്രിത്വത്തിന്റെ തിരുമുമ്പിൽ ഏറ്റവും അടുത്തു വ്യാപരിക്കുന്നു. ഈശ്വരമായ ദൈവസാന്നിദ്ധ്യസ്മരണയാണ് സ്വന്തജീവിതത്തെ മുഴുവൻ വളരെ ഉൽകൃഷ്ടമായ നിലയിൽ നയിക്കുവാൻ നമ്മെ സഹായിക്കുന്നതു.

നാം മിശിഹായുടെ മൌതിക ശരീരത്തിന്റെ അവയവങ്ങളാണെന്നും, ശിരസ്സിനോടു അവയവങ്ങളും, മുന്തിരിച്ചുടിയോടു ശിഖരങ്ങളും ഏപ്രകാരം ചേർന്നിരിക്കുന്നുവോ അപ്രകാരം നാം മിശിഹായോടു ചേർന്നിരിക്കുന്നു എന്നമുള്ള വിശ്വാസം നമ്മുടെ ജീവിതത്തെയും നമ്മുടെ പ്രവൃത്തികളെയും നമ്മുടെ ക്ലേശങ്ങളെയും വളരെ ഉൽകൃഷ്ടവും ഫലസംഭായകവും ആക്കിത്തീർക്കുന്നു. ഇപ്രകാരം, നമ്മിൽ നാമല്ല മിശിഹായാണു ജീവിക്കുക

യും പ്രവർത്തിക്കുകയും ചെയ്യുന്നതു എന്നുള്ള ബോധ്യം നമ്മുടെ സ്ഥിതിയെ അധികമായി ഉയർത്തുന്നു. മാത്രമല്ല, മിശിഹായുടെ ജീവിതവും, പ്രവൃത്തികളും, പീഡകളും എല്ലാം അളവില്ലാത്ത വിലയുള്ളവയാണു്; അവ നമ്മുടേതുമാണു്; അവയോടുകൂടെ നമ്മുടെ ജീവിതവും, പ്രവൃത്തികളും പീഡകളും യോജിപ്പിക്കുന്നതുകൊണ്ടു, നമ്മുടേതു വളരെ വിലയുള്ളതായിത്തീരുന്നു എന്നുള്ള വിശ്വാസം നമുക്കു അത്യന്തം പ്രോത്സാഹജനകമായിരിക്കും.

വിശ്വാസചൈതന്യമുള്ളവൻ വിശുദ്ധ കർമ്മങ്ങളിൽ എത്രയും സജീവമായി പങ്കെടുക്കുന്നു. ദേവാലയങ്ങളിൽ അനുദിനവും, ആണ്ടിന്റെ പല ഘട്ടങ്ങളിലായും നടത്തപ്പെടുന്ന തിരുക്കർമ്മങ്ങൾ നമ്മുടെ കർത്താവിന്റെ ജീവിതത്തിന്റെ ഒരു തുടർച്ചയായിട്ടാണു് അവക്കു് അനുഭവപ്പെടുന്നതു്. മിശിഹായുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ തിരുസ്സഭ ഇങ്ങനെ അഭിനയിച്ചു കാണിച്ചുതരുന്നതു അവ നമ്മിൽ സ്ഥിരപ്രതിഷ്ഠ പ്രാപിക്കുന്നതിനാണെന്നുള്ള ബോദ്ധ്യം ഉള്ളതുകൊണ്ടു് ഇവർ വിശുദ്ധ കർമ്മങ്ങളിൽ ഒരു അനല്പനിധിതന്നെ കണ്ടെത്തുന്നു.

കൂദാശകളുടെ സ്വീകരണത്തിലും സജീവവിശ്വാസമുള്ളവരിൽ ഏതെല്ലാം വിചാരവികാരങ്ങളാണു് ഉദ്ദീപ്തമായിക്കൊണ്ടിരിക്കുന്നതു! പാപസങ്കീർത്തനവേളയിൽ നമ്മുടെ ദിവ്യരക്ഷകനിൽനിന്നുതന്നെ പാപമോചനം പ്രാപിക്കുന്നുവെന്നും, തന്റെ വിലതീരാത്ത തിരുരക്തത്തിൽ ക്ഷാളനം ചെയ്യപ്പെടുന്നുവെന്നുമുള്ള ഉറപ്പു അവക്കു് ആനന്ദസംഭായകമാണു്. പരിശുദ്ധ കുർബ്ബാന സ്വീകരിക്കുമ്പോൾ സുവിശേഷത്തിലെ സക്കേവൂസിനെപ്പോലെ, ശതാധിപനെപ്പോലെ, കുമ്മായൂസിലേക്കുപോയിരുന്ന ശിഷ്യന്മാർക്കും അനുഭവവേദ്യമായ സന്തോഷമാണു് അവക്കും ഉണ്ടാകുന്നതു. അതേ, തന്റെ പിതാവിന്റെ ഭവനത്തിൽ ഈശോ ഒരുക്കിയിരിക്കുന്ന നിത്യമായ വിരുന്നിന്റെ ഒരു പൂർവ്വാസ്വാദനമാണിതു.

സജീവവിശ്വാസമുള്ളവർക്കു് ഈശോ കർത്താവു് വെറും ഒരു ചരിത്രപുരുഷനായിട്ടല്ല അനുഭവപ്പെടുന്നതു. പലസ്തീനായിൽ ചുറ്റിനടന്നു എല്ലാവർക്കും നന്മചെയ്തിരുന്ന ആ ഈശോതന്നെ ദിവ്യകാരുണ്യത്തിലും സന്നിധിചെയ്യുന്നുവെന്ന അവക്കു് നല്ല ഉറപ്പുണ്ടു്. അവരുടെ എല്ലാ ആവശ്യങ്ങളിലും അവർ ദിവ്യകാരുണ്യനാഥനെ സമീപിച്ചു ഹൃദയം തുറന്നു എല്ലാം അറിയിക്കുന്നു. അതിയായ ഭക്തിയോടും ആചാരോപചാരത്തോടുംകൂടിയാണു് അവർ അവിടെ വർത്തിക്കുന്നതു. കഴിയുന്നതു സമയം പരിശു

ഈ കർണ്ണാനയുടെ മുമ്പിൽ വിനിയോഗിപ്പാൻ അവർ ആഗ്രഹിക്കുന്നു. മത്തായെപ്പോലെ കത്താവിനു പരിചരണം ചെയ്യുന്നതിനും, മറിയത്തെപ്പോലെ തന്റെ പാദാന്തികെ ഇരുന്നു മാധുര്യവാക്കുകളും ശ്രവിക്കുന്നതിനും അവർ ഒരേസമയം ആഗ്രഹിക്കുന്നുവെങ്കിൽ അതിൽ അത്ഭുതപ്പെടുവാനില്ല. ദൈവാലയം വെടിപ്പായി സൂക്ഷിക്കുന്നതിനും ബലിപീഠം ഭംഗിയായി അലങ്കരിക്കുന്നതിനും തിരുക്കർമ്മങ്ങളെല്ലാം ക്രമാനുസൃതം നടത്തുന്നതിനും അവർ പ്രദർശിപ്പിക്കുന്ന ഉത്സാഹം ഒന്നു വേറെതന്നെയാണ്. ഏതെല്ലാം ജോലിയിൽ ഏർപ്പെട്ടാലും എവിടെയായിരുന്നാലും അവരുടെ സ്നേഹവിഷയമായ ദിവ്യകാരുണ്യനാഥനെ ഓർക്കാതിരിക്കാൻ അവർക്കു സാദ്ധ്യമല്ലതന്നെ. ഒരു നല്ല സാധനം കാണുമ്പോൾ അതു ദിവ്യകാരുണ്യഈശോയ്ക്കു സമർപ്പിക്കുന്നതിനു തക്കതാണോ എന്നുള്ള വിചാരമാണ് അവരിൽ പ്രഥമത: ഉദിക്കുന്നതു. മാത്രമല്ല, സക്രാരിയിൽ വസിച്ചുകൊണ്ടു സ്നേഹനാഥനായ ഈശോ കാണിച്ചുതരുന്ന എളിമ, അനുസരണം, ശുദ്ധകന്യത, പ്രാർത്ഥനാജീവിതം മുതലായവ അനുകരിക്കുന്നതിനു അവർ യഥാശക്തി പരിശ്രമിക്കുന്നു. ഇങ്ങനെ അവരുടെ ജീവിതം പരിശുദ്ധ കർണ്ണാനയിൽ കേന്ദ്രീകരിച്ചു ഒന്നായി ഭവിക്കുന്നു. അതേ, അവർ ഒരു ദിവ്യകാരുണ്യജീവിതം തന്നേയാണ് കഴിക്കുന്നതു. വിശുദ്ധന്മാരുടെ ജീവിതം ഈശുദ്ധമായിരുന്നുവെന്നു അവരുടെ ചരിത്രം സാക്ഷ്യം വഹിക്കുന്നു. വി. അൽഫോൻസ് ലിഗോരി പരിശുദ്ധ കർണ്ണാനയെ സന്ദർശിച്ചു മടങ്ങുമ്പോൾ അൾത്താരയിലെ തിരിക്കാലുകളാണ് തന്നെക്കാൾ ഭാഗ്യശാലികൾ എന്നു ആത്മഗതം ചെയ്യുമായിരുന്നു; കാരണം തിരിക്കാലുകൾക്കു എപ്പോഴും ദിവ്യകാരുണ്യനാഥനു അകമ്പടിസേവിക്കുന്നതിനു സാധിക്കുന്നുവെന്നുള്ളതത്രെ. വേറെ ചില ആത്മാക്കൾ സ്വന്തം മുറിയിൽ കർണ്ണാനക്കു അഭിമുഖമായി ഇരുന്നിരുന്നതായും, മുറിയിൽ പ്രവേശിക്കുമ്പോഴും അവിടെനിന്നു പുറത്തു പോകുമ്പോഴും സക്രാരിയുടെ നേരെതിരിഞ്ഞു മുട്ടുകുത്തിയിരുന്നതായും നാം വായിക്കുന്നു. ഇതെല്ലാം വിശ്വാസചൈതന്യത്തിന്റെ ബാഹ്യപ്രകടനങ്ങൾതന്നെ.

സജീവവിശ്വാസം നമ്മുടെ പ്രാർത്ഥനയുടെ ഗുണം വർദ്ധിപ്പിക്കുന്നുവെന്നുള്ളതു നിസ്സംശയമാണ്. ദൈവം നമ്മുടെ പിതാവും നാം ബലഹീനരായ തന്റെ മക്കളുമാണെന്നുള്ള ബോധ്യം പ്രാർത്ഥനയെ ഹൃദയംഗമമായ ഒന്നാക്കിത്തീർക്കുന്നു. "ചോദിക്കു

വിൻ, നിങ്ങൾക്കു തരപ്പെടും, അന്വേഷിപ്പിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്കു തുറക്കപ്പെടും" (മത്താ vii: 7) "ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും ചോദിച്ചിട്ടില്ല. ചോദിക്കുവിൻ, എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുമാറു നിങ്ങൾക്കു ലഭിക്കും." (യോഹ. xvi. 24) "നിങ്ങൾ പ്രാർത്ഥിക്കുന്ന ഏതു കാര്യത്തെക്കുറിച്ചും നിങ്ങളിൽ ഇരുവർ ഭൂമിയിൽ യോജിച്ചിരുന്നാൽ സ്വർഗ്ഗത്തിലുള്ള എന്റെ പിതാവിങ്കൽനിന്നു അതു അവനു ലഭിക്കും." (മത്തായി xviii. 19) എന്നീ വേദവാക്യങ്ങളിലുള്ള സജീവവിശ്വാസം മനഃശരണത്തോടും ഈശോയുടെ നാമത്തിലും കൂട്ടമായും പ്രാർത്ഥിക്കുന്നതിനു നമുക്കു പ്രേരകമായിരിക്കും.

"ഒരു മനുഷ്യൻ ലോകം മുഴുവൻ അവകാശപ്പെടുത്തിയിട്ടു തന്റെ ആത്മാവിനെ നശിപ്പിക്കുകയോ നഷ്ടമാക്കുകയോ ചെയ്താൽ അവനു എന്തു പ്രയോജനമാണുണ്ടാവുക?" (ലൂക്കാ ix 25) "നിന്റെ കണ്ണു നിനക്കു ഇടർച്ച വരുത്തുന്നു എങ്കിൽ അതു നിന്നിൽനിന്നു ചൂഴന്നെടുത്തു എറിഞ്ഞുകളയുക. നീ ഇരുകണ്ണുകളുമുള്ളവനായി നരകത്തിൽ വീഴുന്നതിനേക്കാൾ ഒരു കണ്ണോടുകൂടി ജീവയുസ്സിലേക്കു പ്രവേശിക്കുന്നതു് നിനക്കു നല്ലതാകുന്നു" (മത്താ: xviii 9) എന്നീ സത്യങ്ങളിൽ സജീവവിശ്വാസമുള്ളവർ ആത്മരക്ഷ സർവ്വപ്രധാനകാര്യമായി കരുതി അതിനെ എല്ലാ അപകടങ്ങളിൽനിന്നും ഭദ്രമായി കാക്കുന്നതിനാവശ്യമായ ഏതു പോംവഴികളും പിടിക്കുന്നതിനും വേണ്ടിവന്നാൽ മരിക്കുന്നതിനുകൂടെയും ഒരുങ്ങിയിരിക്കുന്നു. പാപം ഇഹത്തിലെ ഏറ്റവും വലിയ തിന്മയാണെന്നു ഇവർ മാത്രമേ യഥാർത്ഥത്തിൽ ഗ്രഹിക്കയുള്ളൂ. "ചാവുദോഷത്തിൽ ഇരിക്കുന്ന ഒരാൾക്കു് എങ്ങനെ ചിരിക്കുവാൻ സാധിക്കും? ഇതു എന്റെ ഗ്രഹണശക്തിക്കു അതീതമാണു്." എന്നു വി. തോമസ്സു് അകീനാസു് പറഞ്ഞതു് അദ്ദേഹത്തിൽ കുടികൊണ്ടിരുന്ന ജീവനുള്ള വിശ്വാസത്തിന്റെ പരിണതഫലമായിട്ടാണു്. "പാപത്തേക്കാൾ മരണം" എന്ന മുദ്രാവാക്യം സ്വീകരിച്ചു് മരണം കൈവരിച്ച അനേകലക്ഷം വേദസാക്ഷികൾ വിശ്വാസപരമായ ജീവിതം കഴിക്കുന്നവർക്കു, ഉത്തമാദർശങ്ങളായി എന്നും നിലകൊള്ളുന്നു.

പരീക്ഷകളാൽ അലട്ടപ്പെടുമ്പോൾ "ദൈവം വിശ്വസ്തനാകുന്നു. നിങ്ങൾക്കു കഴിയുന്നതിലധികമായി പരീക്ഷിക്കപ്പെടുവാൻ ദൈവം നിങ്ങളെ കൈവിടുകയില്ല. എന്നല്ല സഹിക്കുവാൻ

കഴിയത്തക്കവണ്ണം നിങ്ങളുടെ പരീക്ഷക്കു അവൻ നീക്കുപോക്കുണ്ടാക്കുകയും ചെയ്യും." (1 കോറി. x. 13) എന്നബോധ്യം വിശ്വാസത്തിൽ അടി ഉറച്ചു ഒരു ആത്മാവിനെ ധൈര്യപ്പെടുത്തുന്നു. പീഡകരും സഹിക്കേണ്ടിവരുമ്പോൾ, "ഈ കാലത്തിലെ പീഡകരും നമ്മിൽ വെളിപ്പെടുത്തപ്പെടുവാനിരിക്കുന്ന മഹത്വത്തിനു തുല്യമല്ല" (റോമ. viii. 18) എന്നോർത്തു അവർ സമാശ്വസിക്കുന്നു. ഏതെങ്കിലും കാര്യത്തിൽ വിജയം സിദ്ധിക്കുമ്പോൾ "ഞങ്ങളാൽ തന്നെ എന്നപോലെ ഏതെങ്കിലും വിചാരിക്കുവാൻ പ്രാപ്തരാകുന്നതുകൊണ്ടല്ല. ഞങ്ങളുടെ ശക്തി ദൈവത്തിൽ നിന്നാകുന്നു." (ii. കോറി. iii. 5) എന്നു പറഞ്ഞു സ്തുതിമുഴുവൻ അവർ ദൈവത്തിനു കൊടുക്കുന്നു.

സുദൃഢമായ വിശ്വാസം സഹോദരസ്നേഹം അഭ്യസിക്കുന്നതിനും എത്രയും വലിയ പ്രേരണയാണു് അവക്കു നൽകുന്നതു്. "ചെറിയവരായ എന്റെ ഈ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാകുന്നു ചെയ്തതു്." പലരാകുന്നു നാം മിശിഹായിൽ ഒരേ ശരീരമാകുന്നു. നമ്മിൽ ഓരോരുത്തനും ഒരുത്തൻ മറ്റൊരുത്തന്റെ അവയവങ്ങളുമാകുന്നു." "കാണപ്പെട്ടുന്ന തന്റെ സഹോദരനെ സ്നേഹിക്കാതിരിക്കുന്നവനു് കാണപ്പെടാത്തവനായ ദൈവത്തെ സ്നേഹിക്കുവാൻ എങ്ങനെ കഴിയും?" എന്ന വേലയേക്കുറിച്ചും അവരുടെ കണ്ണുപുടങ്ങളിൽ സദാപി മാറ്റൊലിക്കൊള്ളുന്നുവെന്നുവേണം പറയുവാൻ. ആകയാൽ വാക്കുകളാലും നാവിനാലുമല്ല, പ്രവൃത്തികളിലും സത്യത്തിലും അന്യോന്യം അവർ സ്നേഹിക്കുന്നു. പരസ്പരം ബഹുമാനിക്കുന്നതിൽ അവർ മുന്നിട്ടുന്നു. സന്തോഷിക്കുന്നവരോടുകൂടി അവർ സന്തോഷിക്കുകയും കരയുന്നവരോടുകൂടി അവർ കരയുകയും ചെയ്യുന്നു. നമ്മളെല്ലാവരും, "യൂദനെന്നില്ല, പുറജാതിയെന്നില്ല; അടിമയെന്നില്ല, സ്വതന്ത്രനെന്നുമില്ല (ഗാല iii. 28) പാശ്ചാത്യനെന്നില്ല, പരസ്യനെന്നില്ല; എല്ലാവരും ഒരു അമ്മയുടെ മക്കളും; മാത്രമല്ല "ഇയ്യോമിശിഹായിൽ ഒന്നാകുന്നു." എന്നു വിശ്വസിക്കുന്നവർക്കു പരസ്പരം സ്നേഹിക്കുവാൻ എത്രയോ എളുപ്പം! ആദ്യക്രിസ്ത്യാനികളുടെ ഗണത്തിനു ഒരു ആത്മാവും ഒരു മനസ്സും ആയിരുന്നതു് (നടപടി. iv. 32) ഈദൃശ വിശ്വാസത്തിന്റെ ഫലമായിട്ടായിരുന്നു.

മേലധികാരികളെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യുമ്പോൾ "നിങ്ങളുടെ വാക്കു കേൾക്കുന്നവൻ എന്റെ വാ

ക്കു കേൾക്കുന്നു. നിങ്ങളെ നിരസിക്കുന്നവൻ എന്നെയാകുന്നു നിരസിക്കുന്നതു്." (ലൂക്കാ. x. 16) എന്നും, "ദൈവത്തിൽനിന്നുള്ളതായിട്ടല്ലാതെ അധികാരമില്ല" (റോമ. xiii. 1) എന്നുമുള്ള പരിശുദ്ധാത്മാവിന്റെ വാക്കുകൾ അജ്ഞാനസരണത്തിന്റെ മാഹാത്മ്യത്തെ വർദ്ധിപ്പിക്കുന്നു. ഭരണം നടത്തേണ്ടിവരുമ്പോൾ, "നിങ്ങളിൽ പ്രധാനിയാകുവാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകൻ ആയിരിക്കണം, നിങ്ങളിൽ ഒന്നാമനാകുവാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ദാസനായിരിക്കണം." (മത്താ: xx 26. 27.) എന്നുള്ള നാ. കർത്താവിന്റെ ഉപദേശം വിസ്മയസമനിതം തെരിക്കുന്നതിനും, "ഭരണിയരുടെ കണക്കു കൊടുക്കുന്നവരായിട്ടു അവരുടെ ആത്മാക്കളെക്കുറിച്ചു ഉണർവ്വോടുകൂടി ഇരിക്കുന്നതിനും" (എബ്രാ: xiii . 17) സഹായിക്കുന്നു.

വിശ്വാസപരമായി ജീവിക്കുന്ന സന്ന്യാസി ആത്മമത്തിലെ വസ്തുക്കളെല്ലാം ദൈവത്തിന്റേതാണെന്നും, എല്ലാം അവിടുത്തെ മഹത്വത്തിനും തന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ വിശുദ്ധീകരണത്തിനും മറ്റു ഉപയോഗങ്ങൾക്കുമായി നിശ്ചയിച്ചിട്ടുള്ളതാണെന്നും വിചാരിക്കുന്നു. ഇതിൽനിന്നു ആത്മമവസ്തുക്കൾക്കു ഏതാണ്ടു ഒരു കൂദാശികശക്തി സിദ്ധിക്കുന്നു. അവ ദൈവാരാധനക്കുള്ള ഉപകരണങ്ങളായി പരിഗണിക്കപ്പെടുന്നു. വെറും ലൌകികവസ്തുക്കളുടെ വിലകൂടെയും ഇങ്ങനെ വിശ്വാസംമൂലം വർദ്ധിക്കുന്നു. ഏറ്റം നിസ്സാരമായി കാണപ്പെട്ട ഒരു വസ്തുവൊ, ഒരു ചുമതലയൊ, ഒരു പ്രവൃത്തിയൊ വിശ്വാസംകൊണ്ടു ജീവിക്കുന്ന സന്ന്യാസിക്കു വലിയ വിശുദ്ധീകരണശക്തിയുള്ളതായിത്തീരുന്നു! ഈ വെളിച്ചത്തു് വസ്തുക്കളെ വീക്ഷിച്ചാൽ തിന്നുകയും കുടിക്കുകയും ചെയ്യുന്നതുപോലും വണക്കത്തിന്റെയും കൃതജ്ഞതയുടെയും ഭക്തവികാരങ്ങളോടുകൂടെ നാം ചെയ്യും. എന്തെന്നാൽ സന്ന്യാസികൾ ക്ഷേണത്തിനിരിക്കുമ്പോൾ അവർ ദൈവത്തിന്റെ മേശയ്ക്കിരിക്കുന്ന അതിഥികളാണെന്നും ദൈവമാണു് അവരുടെ ആതിഥേയനെന്നുമുള്ള വിചാരങ്ങൾ അവക്കുണ്ടാകുന്നു.

ആത്മമവസ്തുക്കളുടെ സൂക്ഷം ഏൽപ്പിക്കപ്പെട്ടിരിക്കുന്നവർ അവയിൽ അവരുടെ സ്വർഗ്ഗീയപിതാവിന്റെ പരിശുദ്ധനത്തെ കാണുമ്പോൾ, ഏതു വണക്കത്തോടും, സൂക്ഷത്തോടും, ഉൽക്കണ്ഠയോടുംകൂടെ അവയെ കൈകാര്യം ചെയ്യും! ചുമതലപ്പെട്ടവർ എതു ചെയ്യോടും ഔദാര്യത്തോടും നിഷ്കപടഹൃദയത്തോടും സ്വർഗ്ഗീയപിതാവിന്റെ മക്കൾക്കാണെന്നുള്ള വിശ്വാസത്തോടുംകൂടെ

ആവശ്യക്കാക്ക് ഇവയെ കൊടുക്കും! എന്തെന്നാൽ ദൈവത്തെ സ്വന്ത അവകാശമായി തിരഞ്ഞെടുത്തിരിക്കുന്ന അവിടുത്തെ മക്കൾക്കു ഇവയെ വിതരണം ചെയ്യുന്നതിനുള്ള ദൈവത്തിന്റെ ഉപകരണങ്ങൾ മാത്രമാണ് തങ്ങളെന്നുള്ള വിശ്വാസമാണ് അവക്ക് ഉറപ്പു നല്കുന്നത്.

വിശ്വാസംകൊണ്ടു ജീവിക്കുന്നവൻ സത്യത്തിൽ ജീവിക്കുന്നു. അവനു തെറ്റിദ്ധാരണകൾ ഇല്ലെന്നുതന്നെ പറയാം. ഏതു കാര്യത്തെപ്പറ്റിയും നിഷ്പക്ഷമായ വിധി പറയുന്നതിൽ അവനാണ് പ്രാപ്തിയുള്ളവൻ. അവന്റെ ദർശനശക്തി വളരെ തെളിവുള്ളതാണ്. അതു വർദ്ധിക്കുന്തോറും അവന്റെ ധാരണകളിലും വിധികളിലും വലിയ പരിവർത്തനം ഉണ്ടാകുന്നു. അവന്റെ ആശയഗതികൾ പരിഷ്കരിക്കപ്പെടുന്നു, അവ സ്ഥിരമായിത്തീരുന്നു. അതു അവന്റെ ജീവിതരീതിയും പാടെ മാറ്റുന്നു. വിശ്വാസംകൊണ്ടു ജീവിക്കുമ്പോൾ നമ്മുടെ ആശയങ്ങളും അഭിപ്രായങ്ങളും വിധികളും നടപടികളും വളരെ ഉയരുന്നു. വിശ്വാസംകൊണ്ടു ജീവിക്കുന്ന മനുഷ്യനും വെറും സ്വാഭാവിക ബുദ്ധിയുടെ പ്രകാശത്തിൽ ജീവിക്കുന്ന മനുഷ്യനും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഇവർ നിർഭാഗ്യം കാണുന്നിടത്തു അവർ സൌഭാഗ്യം കണ്ടെത്തും. ഏതിടയും ഏതു കാര്യത്തിലും സാധാരണ മനുഷ്യൻ കാണാത്ത ഒരു വിശിഷ്ട വശം വിശ്വാസംകൊണ്ടു ജീവിക്കുന്നവൻ കാണുന്നു. അതു അവനെ എത്രകണ്ടു സൌഭാഗ്യവാനാക്കുന്നു എന്നു വിവരിക്കുക പ്രയാസം! സുഖനിദ്രയുടെ സമയത്തു അടിക്കപ്പെടുന്ന ഉണർത്തുമണിയുടെ സ്വരം വിശ്വാസമില്ലാത്തവനു അസഹനീയവും കർണ്ണകഠോരവുമായ ഒരു സ്വരമായിരിക്കുമ്പോൾ വിശ്വാസമുള്ളവനു അതേസ്വരംതന്നെ സ്നേഹനാഥന്റെ മാധുര്യസ്വരമാണ്.

ഇങ്ങനെ പ്രഭാതംമുതൽ പ്രദോഷംവരെയുള്ള സകല കാര്യങ്ങളെയും വിശ്വാസവെളിച്ചം ആനന്ദസന്ദായകമായ ഒരു പടിയിലേക്കു ഉയർത്തുന്നു. വിശാലമായ ഒരു വീക്ഷണഗതി അതു നമുക്കു തുറന്നു തരികയും നമ്മുടെ പ്രവൃത്തികളുടെയും ജീവിതത്തിന്റെ തന്നെയും മാറ്റം ആയിരം മടങ്ങു വർദ്ധിപ്പിക്കുകയും ചെയ്യുന്നുവെന്നു മേൽപറഞ്ഞതിൽനിന്നു സുവിദിതമാണല്ലൊ. ലോകത്തിലെ ക്ലേശങ്ങൾക്കു, വിശ്വാസമില്ലാത്തവൻ വെറും സ്വാഭാവികകാരണം കാണുമ്പോൾ വിശ്വാസി വത്സല പിതാവിന്റെ തിരുക്കരങ്ങളെ ദർശിക്കുന്നു. ജീവിതത്തിനും അതിലെ ഓരോ പ്ര

വുത്തിക്കും, വിശ്വാസമില്ലാത്തവൻ കാണാത്ത ഒരു വിശിഷ്ടവ
സ്തു വിശ്വാസി കാണുന്നു. വിശ്വാസമില്ലാത്തവൻ വെറും അപ്പ
ക്കഷണത്തെ കാണുന്നിടത്തു വിശ്വാസി ദൈവത്തെ കാണുന്നു.
വിശ്വാസമില്ലാത്തവൻ ദരിദ്രരിലും രോഗികളിലും നിർഭാഗ്യമനു
ഷ്യരെ കാണുമ്പോൾ വിശ്വാസി അവരിൽ ദൈവത്തിന്റെ പ്രതി
രൂപത്തെ കാണുന്നു. "ഈശോമിശിഹായുടെ സ്തുതിയായിരിക്കട്ടെ"
എന്നു പറഞ്ഞുകൊണ്ടു നാം അന്യരെ അഭിവാദ്യം ചെയ്യുമ്പോൾ
അതു വിശ്വാസമുള്ളവരുടെ നോട്ടത്തിൽ എത്ര അർത്ഥവത്തും മ
ഹിമയുള്ളതുമാണ്!

ആരെക്കുറിച്ചും ഒന്നിനെക്കുറിച്ചും യാതൊരു ആവലാധിയു
മില്ലാതെ സർവ്വരോ സമാധാനമായും സന്തോഷമായും കൂട്ടത്തിൽ
ജീവിക്കുവാൻ നമ്മെ സഹായിക്കുന്നതും വിശ്വാസമാണ്. നാം
വെറും സ്വാഭാവികമായ ഒരു അന്തരീക്ഷത്തിലല്ല ജീവിക്കുന്നതു;
മറിച്ചു സ്വഭാവാതീതമായ ഒന്നിലാണെന്നു വിശ്വാസം നമുക്കറി
ച്ചുതരികയും ഈ വെളിച്ചത്തിനു സകല കാര്യങ്ങൾക്കും സാ
ധാരണയിൽ കവിഞ്ഞ ഒരു വിലയും സ്ഥാനവും നാം കാണുക
യും ചെയ്യുന്നു. ഈ വിശ്വാസം ഇന്ദ്രിയങ്ങൾക്കു അഗോചരമാ
യിട്ടാണെങ്കിലും അതിമനോഹരമായ ഒരു അന്തരീക്ഷത്തെയാ
ണു് നമ്മുടെ ചുറ്റും സൃഷ്ടിക്കുന്നതു. ദൈവം അനുവദിക്കുന്നതെ
ല്ലാം നമ്മുടെ ഉണ്ണത്തിനും അവിടുത്തെ സ്തുതിക്കും ആണെന്നുള്ള
വിശ്വാസം പോരെയോ ഇവിടെ നമ്മെ സൗഭാഗ്യവാന്മാരാ
ക്കുവാൻ? സ്വാഭാവികവെളിച്ചത്തു വലിയ ഉപദ്രവകരമെന്നു
കാണപ്പെടുന്നവ, നമ്മെ പരിപൂർണ്ണരാക്കുന്നതിനു ദൈവം ഉപ
യോഗിക്കുന്ന ഉപകരണങ്ങളാണെന്നു വിശ്വാസവെളിച്ചത്തു നാം
കാണുന്നു. "അവർ കണ്ണുകളുയർത്തി, ഈശോയെ മാത്രമല്ലാതെ
ആരെയും കണ്ടില്ല" (വി. മത്താ: xvii. 8) എന്നു ശ്ലീഹന്മാരെ
പ്പറ്റി പറഞ്ഞിരിക്കുന്നതുപോലെ, വിശ്വാസംകൊണ്ടു ജീവിക്കു
മ്പോൾ മേലധികാരികളിലും, സഹോദരന്മാരിലും, കീഴുള്ളവ
രിലും, എല്ലാവിധ സംഭവങ്ങളിലും, എന്നും, എവിടെയും, ഏ
തു സാഹചര്യത്തിലും നാം ഈശോയെ അല്ലാതെ ആരെയും കാ
ണുന്നതല്ല.

ഇനി വിശ്വാസംകൊണ്ടു ജീവിക്കുന്ന നീതിമാന്റെ ജീവി
തം മാത്രമല്ല, അവന്റെ മരണവും വളരെ വിലയേറിയതായി
രിക്കും. അതു വിശ്വാസമില്ലാത്തവനു സങ്കടകരമായ ഒരു വേ
ർപാടായി തോന്നുമ്പോൾ വിശ്വാസിക്കു പിതൃഭവനത്തിലേക്കു

ള്ള മടക്കയാത്രയായി അനുഭവപ്പെട്ടുന്നു. അതുകൊണ്ടു അയാൾ സമാധാനത്തോടും സന്തോഷത്തോടുംകൂടി മരിക്കുന്നു. ഏതാനുമല്പമല്ലയോ "അമ്മേ, ഇതാണോ മരണവേദന?" എന്നു മരണസമയത്തു വി. കൊച്ചുത്രേസ്യ മഠാധിപയോടു ചോദിച്ചതു?

എന്നും എവിടെയും ഇഹലോകയെ മാത്രം കാണുന്ന സജീവമായ വിശ്വാസം നമ്മുടെ സ്വർഗ്ഗീയജീവിതത്തിന്റെ ഒരു പ്രാരംഭം തന്നെയാണ്. തന്നിമിത്തം, നമ്മുടെ വിശ്വാസത്തെ ചില ദിവസത്തേക്കോ സമയത്തേക്കോ മാറ്റിവെക്കാതെ നമ്മുടെ ജീവിതത്തിന്റെ ഏതു ക്ഷണവും, നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും, നമ്മുടെ ഓരോ വാക്കും എന്നല്ല നമ്മുടെ വിചാരങ്ങളും ആഗ്രഹങ്ങളും വിശ്വാസത്താൽ പ്രേരിതമായിരിക്കുവാൻ ശ്രദ്ധിച്ചാൽ അതിശ്രേഷ്ഠം നാം പുണ്യവാന്മാരാകും. വെറും ഗോതമ്പപ്പവും മിശിഹായുടെ തിരുശ്ശരീരവും തമ്മിലുള്ള വ്യത്യാസം നമ്മുടെ വിശ്വാസം കാണിച്ചുതരുന്നതുപോലെ അതു നമ്മുടെ ജീവിതത്തിനു ആകമാനം ഒരു നവ ചൈതന്യം നൽകും. ഇങ്ങനെ വിശ്വാസംകൊണ്ടു ജീവിക്കാതെ പുണ്യജീവിതത്തിൽ ഒരടി മുന്നോട്ടു വെയ്ക്കുവാൻ നമുക്കു സാധിക്കുകയില്ലതന്നെ. എന്തെന്നാൽ "വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുകയില്ല" (ഏബ്രാ: xi. 6)

വിശ്വാസം പൂർവ്വപിതാക്കന്മാരിൽ ഉളവാക്കിയ ഫലങ്ങളും, പ്രത്യക്ഷമാക്കിയ ഫലോല്പാദകശക്തിയും എപ്രകാരമെന്നു വി. ശ്ലീഹാ എബ്രായക്കാർക്കുള്ള ലേഖനത്തിൽ സവിസ്തരം പ്രസ്താവിച്ചിട്ടുള്ളതിൽനിന്നു ഏതാനും താഴെ ഉദ്ധരിച്ചുകൊണ്ടു ഇതിനെ സമാപിക്കാം. വി. ശ്ലീഹാ പറയുന്നു:

"വിശ്വാസംമൂലം ഹാബേൽ കായേനെക്കാൾ വളരെ ശ്രേഷ്ഠമായബലി ദൈവത്തിനു സമർപ്പിച്ചു. അതിനാൽ അവൻ നീതിമാനാകുന്നു എന്നു അവനെക്കുറിച്ചു സാക്ഷ്യമുണ്ടായി. അവന്റെ കാഴ്ചയെക്കുറിച്ചു ദൈവംസാക്ഷ്യം നൽകുകയും ചെയ്തു. അതിനാൽ മരിച്ചിട്ടും അവൻ സംസാരിക്കുന്നു. വിശ്വാസംമൂലം ഹനോക് എടുക്കപ്പെട്ടു. അവൻ മരണം ആസ്വദിച്ചില്ല. ദൈവം അവനെ എടുത്തതുകൊണ്ടു അവൻ കാണപ്പെട്ടുമില്ല. അവനെ എടുക്കുന്നതിനു മുമ്പു അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്നു അവനെക്കുറിച്ചു സാക്ഷ്യമുണ്ടായി. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആർക്കും സാധിക്കയില്ല. എന്തുകൊണ്ടെന്നാൽ ദൈവത്തിൻപക്കലേക്കു അടുക്കുന്നവൻ

ദൈവം ഉണ്ട്" എന്നും, തന്നെ അന്വേഷിക്കുന്നവർക്ക് അവൻ പ്രതിഫലം നൽകുന്നവനാകുന്നു എന്നും വിശ്വസിക്കേണ്ടിയിരിക്കുന്നു. വിശ്വാസംമൂലമായിത്തന്നെ, നോഹ്, കാണപ്പെടാതിരുന്നവയെപ്പറ്റി തന്നോട് സംസാരിക്കപ്പെട്ടപ്പോൾ ഭയപ്പെടുകയും, താൻ ഏതിനാൽ ലോകത്തെ കുറ്റംവിധിച്ചു" വിശ്വാസംമൂലമുള്ള തീതിയുടെ അവകാശിയായിത്തീർന്നുവോ ആ പെട്ടകം തന്റെ വീട്ടുകാരുടെ രക്ഷയ്ക്കുവേണ്ടി തനിക്കായി ഉണ്ടാക്കുകയുംചെയ്തു.

അബ്രാഹം വിളിക്കപ്പെട്ടപ്പോൾ താൻ അവകാശമായി പ്രാപിക്കുവാനിരുന്ന സ്ഥലത്തേക്കു പുറപ്പെടുവാൻ വിശ്വാസംമൂലം സമ്മതിക്കുകയും, എവിടേക്കു പോകുന്നു എന്നറിയാതിരിക്കെ പുറപ്പെടുകയുംചെയ്തു. അവൻ തനിക്കു വാഗ്ദാനംചെയ്യപ്പെട്ട ദേശത്തു്, അന്യസ്ഥലത്തു്, എന്നപോലെവിശ്വാസംമൂലം പരദേശിയായിരിക്കയും, അതേവാഗ്ദാനത്തിന്റെ അവകാശികളായ ഇസ്ഹാക്കിനോടും യാക്കോബിനോടുംകൂടി കൂടാരങ്ങളിൽ പാർക്കയുംചെയ്തു. എന്തെന്നാൽ, അവൻ, ഏതിനു അടിസ്ഥാനമുണ്ടോ, ഏതിന്റെ ശില്പിയും പണിക്കാരനും ദൈവമായിരിക്കുന്നുവോ ആ പട്ടണത്തെപ്രതീക്ഷിച്ചുകൊണ്ടിരുന്നു.

മച്ചിയായിരുന്ന സാറാതന്നെയും തന്നോടു വാഗ്ദാനം ചെയ്തവൻ വിശ്വസ്തനാകുന്നു എന്നു ഉറപ്പായി കരുതിയതുകൊണ്ടു് ഗർഭം ധരിക്കുവാൻ വിശ്വാസംമൂലം ശക്തി പ്രാപിക്കുകയും അവളുടെ ആണ്ടുകളുടേതല്ലാത്ത സമയത്തു പ്രസവിക്കുകയും ചെയ്തു. ഇതിനാൽ വാർദ്ധക്യംകൊണ്ടു ക്ഷയിച്ചിരുന്നൊരുവനിൽ നിന്നു് ആകാശത്തിലെ നക്ഷത്രങ്ങൾപോലെയും കടലോരത്തിലെ എണ്ണമില്ലാത്ത മണൽപോലെയും വളരെപ്പേർ ജനിച്ചു. ഇവരെല്ലാവരും വിശ്വാസത്തിൽ മരിച്ചു; തങ്ങൾക്കുള്ള വാഗ്ദാനത്തെ ദൂരെനിന്നു കാണുകയും അതിൽ സന്തോഷിക്കുകയും ചെയ്തതല്ലാതെ അതിനെ പ്രാപിച്ചില്ല. തങ്ങൾ ഭൂമിയിൽ അന്യരും പരദേശികളുമാണെന്നു അവർ ഏറ്റുപറഞ്ഞു. എന്നാൽ ഇവ പറയുന്നവർ തങ്ങളുടെ സ്വന്തപട്ടണം അന്വേഷിക്കുന്നു എന്നു കാണിക്കുന്നു. അവർ ഏതു പട്ടണത്തെ വിട്ടുപോന്നുവോ അതിനെയാകുന്നു അന്വേഷിച്ചിരുന്നതെങ്കിൽ വീണ്ടും അതിലേക്കു മടങ്ങിച്ചെല്ലുവാൻ അവർക്കു സമയമുണ്ടായിരുന്നു. ഇപ്പോഴാകട്ടെ അവർ അതിനെക്കാൾ നല്ലതിനെ—സ്വർഗ്ഗത്തിലുള്ളതിനെ—ആഗ്രഹിച്ചിരുന്നു എന്നു തീർച്ചയാകുന്നു. ഇതിനാൽ ദൈവം, അവരുടെ

ദൈവം എന്നു വിളിക്കപ്പെട്ടന്നതിൽ ലജ്ജിച്ചില്ല. അവൻ അവ
ക്കായി പട്ടണം തയ്യാറാക്കിയിരിക്കുന്നുവല്ലൊ.

വിശ്വാസംമൂലം, അബ്രാഹം തന്റെ പരീക്ഷയിൽ, ഇസ്
ഹാക്കിനെ അർപ്പിച്ചു. വാഗ്ദാനപ്രകാരം ലഭിച്ചിരുന്ന തന്റെ
ഏക പുത്രനെ അവൻ ബലിപീഠത്തിൽ കയറ്റുകയും ചെയ്തു.
ഇസ്ഹാക്കിൽനിന്നു (ഉള്ളവർ) നിന്റെ സന്തതി (എന്നു) വിളി
ക്കപ്പെടും എന്നു അവനോടുപറയപ്പെട്ടിരുന്നുവല്ലൊ. മരിച്ചവരിൽനിന്നു ഉയിർപ്പിക്കുവാൻകൂടിയും ദൈവത്തിനു കഴിയുമെന്നു
തന്റെ ഉള്ളിൽ അവൻ വിചാരിച്ചിരുന്നു. ഇതിനാൽ ഉപമയായിട്ടു അവനു കൊടുക്കപ്പെടുകയും ചെയ്തു. വരുവാനിരുന്നതിനെക്കുറിച്ചുള്ള വിശ്വാസംമൂലം ഇസ്ഹാക്ക് യാക്കോബിനേയും
സോവിനെയും അനുഗ്രഹിച്ചു.

യാക്കോബ് മരിക്കുകയിൽ വിശ്വാസംമൂലം യൊസേപ്പി
ന്റെ പുത്രന്മാരിൽ ഓരോരുത്തനേയും അനുഗ്രഹിക്കയും അവ
ന്റെ വടിയുടെ മേലററ്റു വണങ്ങുകയും ചെയ്തു. യൊസേപ്പു
മരിക്കുകയിൽ വിശ്വാസംമൂലം ഇസ്രായേൽമക്കളുടെ പുറപ്പാടി
നെപ്പററി ഓർക്കുകയും തന്റെ അസ്ഥികളെപ്പററി, കല്പന നൽകുകയുംചെയ്തു. മൂശെയുടെ മാതാപിതാക്കന്മാർ അവൻ ജനിച്ചപ്പോൾ കട്ടി സുന്ദരനാകുന്നു എന്നു കണ്ടു വിശ്വാസംമൂലം മൂന്നു
മാസത്തോളം അവനെ ഒളിച്ചുവച്ചു അവർ രാജാവിന്റെ കല്പനയെ ഭയപ്പെട്ടതുമില്ല. മൂശെ, പുരുഷപ്രായമായപ്പോൾ, ഫെറവോന്റെ മകളുടെ പുത്രൻ എന്നു വിളിക്കപ്പെടുന്നതിനെ വിശ്വാസംമൂലം നിഷേധിച്ചു.

പാപത്തിൽ തൽക്കാലത്തേക്കു അല്പമായ രസം അനുഭവിക്കുവാനല്ല, ദൈവത്തിന്റെ ജനത്തോടുകൂടി ഞെരുക്കത്തിൽ ഉൾപ്പെട്ടിരിക്കുവാനാകുന്നു അവൻ തനിക്കായി തിരഞ്ഞെടുത്തതു്. മ്ശിഹായുടെ നിന്ദയുടെ സമ്പത്തു മെസ്രേനിലെ നിക്ഷേപങ്ങളെക്കാൾ ശ്രേഷ്ഠമാകുന്നു എന്നു അവൻ വിചാരിച്ചു.
എന്തെന്നാൽ അവൻ പ്രതിഫലമായ കൂലിയിൽ ദൃഷ്ടിപതിച്ചിരുന്നു. അവൻ വിശ്വാസംമൂലം രാജകോപം ഭയപ്പെടാതെ മെസ്രേൻ വിട്ടുപോരുകയും, കാണപ്പെടാത്ത ദൈവത്തെ കണ്ടുകൊണ്ടിരുന്നാലെന്നപോലെ ഉറച്ചുനില്ക്കുകയുംചെയ്തു. കടിഞ്ഞൂലുകളെ സംഹരിക്കുന്നവൻ തങ്ങളുടെ അടുക്കൽ വരാതിരിക്കുവാൻ അവൻ വിശ്വാസംമൂലം പെസ്ഹായും ചോരതളിക്കലും
നിവൃത്തിച്ചു. വിശ്വാസംമൂലം അവൻ സോഫ്കടലിനെ ഉണ

ങ്ങിയ ഭൂമിമേൽകൂടിയെന്നപോലെ കടന്നു. മെസ്രേൻകാർ അതിന്മേൽ (പ്രവേശിക്കുവാൻ) തുനിയുകയിൽ അതിനാൽ വിഴുങ്ങപ്പെട്ടു. ഈറീഹോയുടെ കോട്ടകളും, ഏഴു ദിവസം വലയം വെക്കപ്പെട്ടപ്പോൾ, വിശ്വാസംമൂലം ഇടിഞ്ഞു വീണു. വിശ്വാസംമൂലം ഒറേകാരെ സമാധാനത്തിൽ സ്വീകരിച്ചതുകൊണ്ടു വേശ്യയായ റാഹാബ് അനുസരിക്കാതിരുന്നവരോടുകൂടി നശിച്ചില്ല.

ഇനിയും എന്താണു ഞാൻ പറയേണ്ടതു? എന്തുകൊണ്ടെന്നാൽ, വിശ്വാസംമൂലം രാജ്യങ്ങൾ ജയിച്ചടക്കുകയും, നീതി പ്രവർത്തിക്കുകയും, വാഗ്ദാനങ്ങൾ പ്രാപിക്കുകയും, സിംഹങ്ങളുടെ വായ് അടച്ചുകെട്ടുകയും, അഗ്നിയുടെ ശക്തി കെടുത്തുകയും, വാളിന്റെ വായ്ത്തലയിൽനിന്നു രക്ഷിക്കപ്പെടുകയും, രോഗങ്ങളിൽനിന്നു സുഖം പ്രാപിക്കുകയും, യുദ്ധത്തിൽ ശക്തന്മാരായിത്തീരുകയും, ശത്രുക്കളുടെ പാളയങ്ങളെ തകർക്കുകയും, മരിച്ചവരുടെ ഉയിർപ്പിൽനിന്നു സ്ത്രീകൾക്കു അവരുടെ മക്കളെ കൊടുക്കുകയും "ചെയ്തവരായ" "ശൂലഹൊനെക്കുറിച്ചും, ബറാക്കിനെക്കുറിച്ചും, ശിംശോനെക്കുറിച്ചും, നഫ്ത്താലിനെക്കുറിച്ചും, ദാവീദിനെക്കുറിച്ചും ശമൂയേലിനെക്കുറിച്ചും, മറ്റുപ്രവാചകന്മാരെക്കുറിച്ചും വിവരിക്കുവാൻ എനിക്കു സമയം പോരുമേയുള്ളൂ" ചിലർ പീഡകളിൽ മരിച്ചു. തങ്ങൾക്കു ശ്രേഷ്ഠമായ ഉയിർപ്പു് ഉണ്ടാകുവാനായിട്ടു രക്ഷിക്കപ്പെടുവാൻ അവർ കൊതിച്ചിരുന്നില്ല. ചിലരോ പരിഹാസത്തിലും അടികളിലും ഉപ്പെട്ടു. ചിലർ ബന്ധനങ്ങളിലും തടവുകളിലും എല്പിക്കപ്പെട്ടു. ചിലർ കല്ലെറിയപ്പെട്ടു. ചിലർ വാളിനാൽ അറക്കപ്പെട്ടു. ചിലർ വാളിന്റെ വായ്ത്തലമൂലം മരിച്ചു. ചിലർ കുഞ്ഞാടുകളുടെയും കോലാടുകളുടെയും തോലുകൾ ധരിച്ചും, മുട്ടുപാടുള്ളവരായും, ഞെരുക്കപ്പെട്ടവരായും അലട്ടപ്പെട്ടവരായും ചുറ്റിനടന്നു. ലോകം തങ്ങൾക്കു യോഗ്യമല്ലാതിരുന്ന മനുഷ്യർ! അവർ ഉഴലുന്നവരായി വനത്തിലും, മലകളിലും, ഗുഹകളിലും, ഭൂമിയുടെ വിള്ളലുകളിലും പാർത്തിരുന്നു. (എബ്രായ. XI: 4–38)

L. D. S. & M.

Printed & Published
For the Proprietor, by P. I. Joseph,
At the Little Flower Press,
Thevara, Ernakulam.
1948

DC Library
*00007483*
K19 T56